12
2024
ജൂൺ
ബുധൻ
ഇടവം 29

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www.nauticaltimesmedia.com Volume-5, Issue No.202 Page 4, Price: Rs. 2 പുസ്തകം-5 ലക്കം-202 പേജ് 4. വില 2.00 രൂപ




02 ലഫ്.ജനറൽ ഉപേന്ദ്ര ദ്വിവേദി പുതിയ കരസേന മേധാവി

03 പ്രസിഡന്റ് ഉൾപ്പെടെ 10 പേർക്കു ദാരുണാന്ത്യം

04 പുനർഗേഹം : കൊല്ലത്ത് ഗുണഭോക്താക്കളുടെ തെരെഞ്ഞെടുപ്പ് തുടങ്ങി

# വിഴിഞ്ഞം തുറമുഖം : ഈ മാസം ട്രയൽ റൺ ആരംഭിക്കും



തിരുവനന്തപുരം: വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ട്രയൽ റൺ ഈ മാസം തുടങ്ങുമെന്നും പൂർണമായും വാണിജ്യ അടിസ്ഥാനത്തിനുള്ള പ്രവർത്തനങ്ങൾ ഡിസംബറിനുള്ളിൽ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും തുറമുഖ മന്ത്രി വി എൻ വാസവൻ നിയമസഭയെ അറിയിച്ചു.

പ്രോജക്ടിന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതമായി മുന്നോട്ടു നീങ്ങുകയാണ്. 88 ശതമാനവും നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞു. ഡ്രെഡ്ജിങ്ങ് പ്രവർത്തനങ്ങൾ 98 ശതമാനവും പൂർത്തിയായിക്കഴിഞ്ഞു. ബ്രേക്ക് വാട്ടർ നിർമ്മാണം 81 ശതമാനവും ബെർത്തിന്റെ നിർമ്മാണം 92 ശതമാനവും പൂർത്തീകരിച്ചു. ക്രെയ്നുകൾ ടഗ്ഗുകൾ തുടങ്ങി ആവശ്യമുള്ള പദ്ധതി ഉപകരണങ്ങളിൽ ഭൂരിപക്ഷവും തുറമുഖത്ത് എത്തിച്ചു കഴിഞ്ഞു. കണ്ടെയ്നർ യാർഡിന്റെ നിർമ്മാണത്തിന്റെ 74 ശതമാനം പൂർത്തിയായി, മറ്റ് കെട്ടിങ്ങൾ അവസാനഘട്ടത്തിൽ എത്തിരിക്കുകയാണന്നും മന്ത്രി പറഞ്ഞു.

തുറമുഖത്തിന്റെ ഒന്നാംഘട്ടം പൂർണ്ണമായും പ്രവർത്തനമാരംഭിക്കുമ്പോൾ 600 പേർക്ക് നേരിട്ട് തൊഴിൽ ലഭിക്കും.

അടുത്ത രണ്ട് ഘട്ടങ്ങൾ പൂർത്തീകരിക്കുമ്പോൾ 700 പേർക്ക് കൂടി നേരിട്ട് തൊഴിൽ നൽകാനാവുമെന്നാണ് കണക്കാക്കുന്നത്. അടുത്തഘട്ടം നിർമ്മാണ സമയത്ത് 2300 പേർക്ക് തൊഴിൽ അവസരങ്ങൾ ലഭ്യമാവും. ഇതിന്റെ മൂന്നിരട്ടിയോളം പേർക്ക് നേരിട്ടല്ലാതെ തൊഴിൽ ലഭിക്കും.

# വിഴിഞ്ഞം റെയിൽ പാത : നിർമ്മാണം ഉടൻ തുടങ്ങും

തിരുവനന്തപുരം: ചരക്ക് നീക്കത്തിനായി വിഴിഞ്ഞം തുറമുഖത്തേക്കുള്ള റെയിൽ പാതയുടെ നിർമ്മാണം സ്ഥലം ഏറ്റെടുപ്പ് പൂർത്തിയായാൽ ഉടൻ ആരംഭിക്കും. നോൺ ഗവൺമെന്റ് റെയിൽവേ ( എൻ ജിആർ) മാതൃകയിൽ നടപ്പിലാക്കുന്നതിനായി ദക്ഷിണ റെയിൽവേയുമായി കരാറിലേർപ്പെട്ടിട്ടുണ്ട്.

റെയിൽപാതയ്ക്ക് ആവശ്യമായ 5.53 ഹെക്ടർ സ്ഥലത്തിന്റെ ഏറ്റെടുക്കൽ നടപടികൾ നടന്നു വരികയാണ്. 42 മാസം കൊണ്ട് പൂർത്തികരിക്കാമെന്ന് പ്രതീക്ഷയെന്നും മന്ത്രി വി എൻ വാസവൻ ചോദ്യോത്തര വേളയിൽ പറഞ്ഞു. കരാർ അനുസരിച്ച് അന്താരാഷ്ട്ര തുറമുഖത്തെ ദേശീയ റെയിൽ ശൃംഖലയുമായി ബന്ധിപ്പിക്കുന്ന റെയിൽപ്പാത സ്ഥാപിക്കേണ്ടതിന്റെ ഉത്തരവാദിത്തം സംസ്ഥാന സർക്കാരിനാണ്. കൊങ്കൺ റെയിൽ കോർപറേഷനെയാണ് റെയിൽപ്പാത സ്ഥാപിക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്.അവർ തയ്യാറാക്കിയ ഡിപിആർ പ്രകാരം 10.7 കി.മി ദൈർഘ്യമുള്ള ഒരു റെയിൽപ്പാതയാണ് വേണ്ടിവരുന്നത്. പദ്ധതിയ്ക്കായി 1060 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. ഇതിന് ദക്ഷിണ റെയിൽവേ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. തുറമുഖത്തെ ബാലരാമപുരം റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന പാതയുടെ 9.02 കി.മി ദൂരവും ടണലിലൂടെയാണ് കടന്നു പോകുന്നത്. ടണലിന്റെ ഏറിയ പങ്കും പൊതുമരാമത്ത് റോഡിന് താഴെയായാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്.

# പ്ലസ് വൺ സീറ്റ് ക്ഷാമം: അടിയന്തരപ്രമേയത്തിന് അനുമതിയില്ല; പ്രതിപക്ഷം സഭ വിട്ടു

തിരുവനന്തപുരം: മലബാറിലെ സീറ്റ് ക്ഷാമത്തിൽ സഭ നിർത്തിവച്ച് ചർച്ച ആവശ്യപ്പെട്ടുകൊണ്ട് പ്രതിപക്ഷം നൽകിയ അടിയന്തര പ്രമേയ നോട്ടീസിന് അനുമതിയില്ല. ഇതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭയിൽനിന്ന് ഇറങ്ങിപ്പോയി.

മലബാറിലെ ആറ് ജില്ലകളിൽ സീറ്റ് പ്രതിസന്ധിയുണ്ടെന്നും പതിനായിരക്കണക്കിന് വിദ്യാർഥികളുടെ പഠനം പ്രതിസന്ധിയിലാണെന്നും അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയ എം.ഷംസുദീൻ സഭയിൽ പറഞ്ഞു.

എസ്എസ്എൽസി പാസായ വിദ്യാർഥികൾക്ക് ഉപരിപഠനത്തിന് മലബാറിൽ യാതൊരു തടസവുമില്ലെന്ന് വിദ്യാഭ്യാസമന്ത്രി വി.ശിവൻകുട്ടി മറുപടി പറഞ്ഞു. നിലവിൽ കോഴിക്കോട് ജില്ലയിലെ മുഴുവൻ കുട്ടികൾക്കും പ്രവേശനം കൊടുത്താൽ തന്നെ 8248 സീറ്റുകൾ അധികം ഉണ്ടാകും.

പാലക്കാട്ട് ജില്ലയിൽ എല്ലാ വിദ്യാർഥികൾക്കും പ്രവേശനം കിട്ടിയാൽ തന്നെ 2266 സീറ്റുകൾ അധികം വരും. മൂന്ന് ഘട്ട അലോട്ട്മെൻറുകൾ പൂർത്തിയായ ശേഷം എന്തെങ്കിലും കുറവുണ്ടെങ്കിൽ അപ്പോൾ പരിശോധിക്കാമെന്നും മന്ത്രി പറഞ്ഞു.

എന്നാൽ വിദ്യാഭ്യാസമന്ത്രി കള്ളം പറയുകയാണെന്ന് ഷംസുദീൻ തിരിച്ചടിച്ചു. സർക്കാരിൻറെ വെബ്സൈറ്റിലെ കണക്കും വിദ്യാഭ്യാസമന്ത്രിയുടെ കണക്കും തമ്മിൽ വലിയ അന്തരമുണ്ടെന്ന് പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ പറഞ്ഞു.

സർക്കാരിൻറെ ആദ്യ പരിഗണനയിൽ വിദ്യാഭ്യാസ മേഖല ഇല്ല. പൊതുവിദ്യാലങ്ങളിലേക്ക് എത്തുന്ന വിദ്യാർഥികളുടെ എണ്ണം കുറയുന്നത് പഠന നിലവാരം ഇല്ലാത്തതുകൊണ്ടാണെന്നും സതീശൻ പറഞ്ഞു.

# നീറ്റ് പരീക്ഷ ക്രമക്കേടിൽ ഇടപെട്ട് സുപ്രീംകോടതി



ന്യൂഡൽഹി: നീറ്റ് പരീക്ഷ ക്രമക്കേടിൽ ഇടപെട്ട് സുപ്രീംകോടതി. വിശദീകരണം ആവശ്യപ്പെട്ട് കേന്ദ്ര സർക്കാരിനും നാഷണൽ ടെസ്റ്റിംഗ് ഏജൻസിക്കും കോടതി നോട്ടീസ് അയച്ചു.

നീറ്റിൽ വലിയ ക്രമക്കേടുണ്ടെന്നും പരീക്ഷ റദ്ദാക്കണമെന്നും ആവശ്യപ്പെട്ടുള്ള ഹർജികളാണ് ജസ്റ്റീസ് അഹ്സാനുദീൻ അമാനുള്ള അധ്യക്ഷനായ ബെഞ്ച് പരിഗണിച്ചത്. പരീക്ഷയുടെ പവിത്രതയെ തന്നെ ബാധിക്കുന്ന സംഭവങ്ങളാണ് നടന്നതെന്നും ഇക്കാര്യത്തിൽ അധികൃതർ മറുപടി നൽകിയേ തീരുവെന്നും കോടതി വ്യക്തമാക്കി.എന്നാൽ എംബിബിഎസ് ഉൾപ്പെടെയുള്ള കോഴ്സുകളുടെ പ്രവേശന നടപടികൾ സ്റ്റേ ചെയ്യണമെന്ന ഹർജിക്കാരുടെ ആവശ്യം കോടതി അംഗീകരിച്ചില്ല.

കേന്ദ്രത്തിൻറെയും നാഷണൽ ടെസ്റ്റ് ഏജൻസിയുടെയും മറുപടി കിട്ടിയ ശേഷമാകും കോടതി തുടർനടപടി സ്വീകരിക്കുക. ഹർജികൾ ജൂലൈ എട്ടിന് വീണ്ടും പരിഗണിക്കും.

## ബാർ കോഴ വിവാദം; തിരുവഞ്ചൂർ രാധാകൃഷ്ണൻെറ മകന് ക്രൈംബ്രാഞ്ച് നോട്ടീസ്

തിരുവനന്തപുരം: എൽഡിഎഫ് സർക്കാരിനെതിരായ ബാർ കോഴ ആരോപണത്തിൽ കോൺഗ്രസ് നേതാവ് തിരുവഞ്ചൂർ രാധാകൃഷ്ണൻറെ മകൻ അർജുൻ രാധാകൃഷ്ണന് ക്രൈംബ്രാഞ്ച് നോട്ടീസ്. വെള്ളിയാഴ്ച ക്രൈംബ്രാഞ്ചിൻറെ ജവഹർ നഗർ ഓഫീസിൽ ചോദ്യം ചെയ്യലിന് ഹാജരാകാനാണ് നിർദേശം. വിവാദ ശബ്ദരേഖ പുറത്തുവന്ന ബാറുടമകളുടെ വാട്സ്ആപ്പ് ഗ്രൂപ്പിൻറെ അഡ്മിനായിരുന്നു അർജുൻ രാധാകൃഷ്ണനെന്ന് അന്വേഷണ സംഘം പറയുന്നു. പിന്നീട് അഡ്മിൻ സ്ഥാനത്തു നിന്നും അർജുൻ മാറിയെങ്കിലും ഗ്രൂപ്പ് അംഗമായി തുടരുന്നുണ്ട്. ഈ സാഹചര്യത്തിൽ വിവരങ്ങൾ ചോദിച്ചറിയാനാണ് അർജുനെ വിളിച്ചതെന്ന് അന്വേഷണ സംഘം പറയുന്നു.

## യൂത്ത് കോൺഗ്രസിൻെറ നിയമസഭാ മാർച്ചിൽ സംഘർഷം

തിരുവനന്തപുരം: എൽഡിഎഫ് സർക്കാരിനെതിരായ ബാർ കോഴ ആരോപണത്തിൽ എക്സൈസ്, ടൂറിസം മന്ത്രിമാരുടെ രാജി ആവശ്യപ്പെട്ടുള്ള യൂത്ത് കോൺഗ്രസിൻറെ നിയമസഭാ മാർച്ചിൽ സംഘർഷം. പ്രവർത്തകർ ബാരിക്കേഡ് മറിച്ചിടാൻ ശ്രമിച്ചതോടെ പോലീസ് പലതവണ ജലപീരങ്കി പ്രയോഗിച്ചു.

പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ മാർച്ച് ഉദ്ഘാടനം ചെയ്ത് മടങ്ങിയതിന് പിന്നാലെയാണ് സംഘർഷത്തിലേക്ക് നീങ്ങിയത്. ആദ്യം പ്രവർത്തകർ കല്ലെറിഞ്ഞ് പ്രകോപനം സൃഷ്ടിച്ചെങ്കിലും പോലീസ് സംയമനം പാലിക്കുകയായിരുന്നു.

# 3 കോടി വീടുകൾ നിർമിക്കാൻ സഹായം നൽകും

അർഹരായ ഗ്രാമീണനഗര കുടുംബങ്ങൾക്ക് അടിസ്ഥാനസൗകര്യങ്ങളുള്ള വീടുകൾ നിർമിക്കാൻ സഹായം നൽകുന്നതിനായി 201516 മുതലാണ് ഇന്ത്യാ ഗവൺമെന്റ്, പ്രധാൻമന്ത്രി ആവാസ് യോജന നടപ്പാക്കിവരുന്നത്. പിഎംഎവൈ പ്രകാരം, കഴിഞ്ഞ പത്തുവർഷത്തിനിടെ ഭവനപദ്ധതികൾക്കു കീഴിൽ അർഹരായ പാവപ്പെട്ട കുടുംബങ്ങൾക്കായി മൊത്തം 4.21 കോടി വീടുകൾ പൂർത്തീകരിച്ചു.

പിഎംഎവൈ പ്രകാരം നിർമിക്കുന്ന എല്ലാ വീടുകളിലും ഗാർഹിക ശൗചാലയങ്ങൾ, എൽപിജി കണക്ഷൻ, വൈദ്യുതി കണക്ഷൻ, വീട്ടിൽ പ്രവർത്തനക്ഷമമായ ടാപ്പ് കണക്ഷൻ തുടങ്ങിയ മറ്റ് അടിസ്ഥാന സൗകര്യങ്ങൾ കേന്ദ്രസംസ്ഥാന ഗവണ്മെന്റുകളുടെ വിവിധ പദ്ധതികളുമായി സംയോജിപ്പിച്ചു ലഭ്യമാക്കുന്നു.

# രേണുകാസ്വാമി വധക്കേസ്: ദർശന് പിന്നാലെ കന്നഡ നടി പവിത്ര ഗൗഡയും അറസ്റ്റിൽ



ബംഗളൂരു: രേണുകാസ്വാമി വധക്കേസുമായി ബന്ധപ്പെട്ട് കന്നഡ നടി പവിത്ര ഗൗഡ അറസ്റ്റിൽ. നേരത്തെ, വീട്ടിൽ നിന്നും കസ്റ്റഡിയിലെടുത്ത ഇവരെ അന്നപൂർണേശ്വരി നഗർ പോലീസ് സ്റ്റേഷനിൽ ചോദ്യം ചെയ്തുവരികയായിരുന്നു. കേസിൽ 11 ാം പ്രതിയാണ് പവിത്ര.

ചിത്രദുർഗയിലെ അപ്പോളോ ഫാർമസി ബ്രാഞ്ചിൽ ജീവനക്കാരനായിരുന്ന രേണുകസ്വാമിയെ (33) കൊലപ്പെടുത്തിയ കേസിൽ കന്നഡ സൂപ്പർ താരം ദർശൻ തുഗുദീപ നേരത്തെ അറസ്റ്റിലായിരുന്നു. മൈസൂരുവിലെ ഫാം ഹൗസിൽനിന്ന് ബംഗളൂരു സിറ്റി പോലീസാണ് ചൊവ്വാഴ്ച ദർശനെ അറസ്റ്റ് ചെയ്തത്.

പവിത്ര ഗൗഡയ്ക്ക് രേണുകാസ്വാമി അശ്ലീല സന്ദേശം അയച്ചതിൻറെ വൈരാഗ്യത്തിൽ ദർശൻ ഇയാളെ ക്വട്ടേഷൻ നൽകി കൊലപ്പെടുത്തി എന്നാണ് കേസ്. ബംഗളുരുവിന് അടുത്തുള്ള സോമനഹള്ളിയിൽ കഴിഞ്ഞ ദിവസമാണ് രേണുക സ്വാമിയെ മരിച്ചനിലയിൽ കണ്ടെത്തിയത്. അഴുക്കുചാലിൽ കിടന്നിരുന്ന രേണുകാ സ്വാമിയുടെ മൃതദേഹം തെരുവുനായകൾ കടിച്ചുവലിക്കുന്നത് ശ്രദ്ധയിൽപെട്ട പ്രദേശവാസികളാണ് പോലീസിനെ വിവരം അറിയിച്ചത്. ആദ്യം ആത്മഹത്യ എന്ന് കരുതിയ കേസ് പിന്നീട് കൊലപാതകമെന്ന് തെളിയുകയായിരുന്നു.

നേരത്തെ, രേണുകാസ്വാമിയെ കണ്ടെത്താൻ ചിത്രദുർഗയിലെ തൻറെ ഫാൻസ് അസോസിയേഷൻ പ്രസിഡൻറിനോട് ദർശൻ ആവശ്യപ്പെട്ടിരുന്നു. അതിൻപ്രകാരം ഇയാളുടെ വീടടക്കമുള്ള വിവരങ്ങൾ ദർശന് ലഭിച്ചിരുന്നു. പിന്നീട് രേണുകാസ്വാമിയെ പിടിച്ചുകൊണ്ടുവന്നു ദർശൻറെ ബംഗളൂരു ആർ ആർ നഗറിലുള്ള വീടിൻറെ കാർപോർച്ചിൽവച്ച് ക്രൂരമായി മർദിച്ചു എന്നാണ് ക്വട്ടേഷൻ സംഘങ്ങൾ പോലീസിനോട് പറഞ്ഞത്. ദർശനും ഇയാളെ മർദിച്ചതായി സംഘം പറയുന്നു. ഇരുമ്പവടികൊണ്ടുള്ള അടിയേറ്റ രേണുകാസ്വാമി മരിക്കുകയായിരുന്നു. പിന്നീട് മൃതദേഹം കാമാക്ഷിപാളയത്തിലെ ഒരു പാലത്തിനടിയിൽ തള്ളുകയായിരുന്നു.

കൊലപാതകത്തിൻറെ ഉത്തരവാദിത്തം ഏറ്റെടുത്ത് ഗിരിനഗർ സ്വദേശികളായ മൂന്നുപേർ തിങ്കളാഴ്ച പോലീസിൽ കീഴടങ്ങിയിരുന്നു. പക്ഷേ വിശദമായ ചോദ്യം ചെയ്യലിനൊടുവിൽ കൊലപാതകത്തിന് പിന്നിലെ യഥാർഥ കാരണം വെളിവാവുകയായിരുന്നു. ഡി ബോസ് എന്ന് വിളിക്കുന്ന ദർശൻറെ നിർദേശപ്രകാരമാണ് കൊലപാതകം നടത്തിയതെന്നാണ് പ്രതികൾ പറഞ്ഞത്.



# ആർജിസിബി എംഎസ് സി, പിഎച്ച്ഡി ബയോടെക്നോളജി പ്രോഗ്രാമുകളിലേക്ക് അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം: കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിൻറെ കീഴിൽ പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപനമായ രാജീവ്ഗാന്ധി സെൻറർ ഫോർ ബയോടെക്നോളജി (ആർജിസിബി) 202426 അധ്യയന വർഷത്തിലേക്ക് നടത്തുന്ന എം.എസ്.സി ബയോടെക്നോളജി കോഴ്സിലേക്ക് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. ഏഅംഅ യോഗ്യതയുള്ള ഉദ്യോഗാർഥികൾക്ക് അപേക്ഷിക്കാം.

ഡിസീസ് ബയോളജി, ന്യൂറോബയോളജി, ബയോ ഇൻഫോർമാറ്റിക്സ്, പ്ലാൻറ് സയൻസ് എന്നിവയുടെ വിവിധ മേഖലകളിലെ പിഎച്ച്ഡി പ്രോഗ്രാമിലേക്കുള്ള (2024 ആഗസ്റ്റ് സെഷൻ) പ്രവേശനത്തിനും ആർജിസിബി അപേക്ഷ ക്ഷണിച്ചിട്ടുണ്ട്.

എംഎസ് സി ബയോടെക്നോളജിക്ക് ഡിസീസ് ബയോളജി, ജനറ്റിക് എഞ്ചിനീയറിംഗ് എന്നീ സ്പെഷ്യലൈസേഷനുകൾ ഉണ്ടായിരിക്കും. നാല് സെമസ്റ്ററുകളിലായി രണ്ട് വർഷമാണ് കോഴ്സ് കാലാവധി. ഒരു സ്പെഷ്യലൈസേഷനിൽ പത്ത് വിദ്യാർത്ഥികൾ വീതം ആകെ 20 സീറ്റുകളാണുള്ളത്. പ്രവേശനം ലഭിക്കുന്നവർക്ക് ആദ്യവർഷം പ്രതിമാസം 6000 രൂപയും രണ്ടാം വർഷം പ്രതിമാസം 8000 രൂപയും സ്റ്റൈപൻഡ് ലഭിക്കും. ആർജിസിബി കാമ്പസിൽ ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്.ഓരോ വിഭാഗത്തിനും ആർജിസിബി നിശ്ചയിച്ച ഏഅംആ കട്ട്ഓഫ് റാങ്ക്/ സ്കോർ അടിസ്ഥാനമാക്കിയാണ് വിദ്യാർഥികളുടെ തിരഞ്ഞെടുപ്പ്. തെരഞ്ഞെടുക്കപ്പെടുന്നവരുടെ കൗൺസിലിംഗ് ജൂലൈ ആദ്യവാരവും ക്ലാസ് ആഗസ്റ്റ് ഒന്നിനും ആരംഭിക്കും.

ലൈഫ്/അഗ്രിക്കൾച്ചറൽ/എൻവയോൺമെൻറൽ/വെറ്ററിനറി/ ഫാർമസ്യൂട്ടിക്കൽ/മെഡിക്കൽ സയൻസസ് അല്ലെങ്കിൽ അനുബന്ധ വിഷയങ്ങളിൽ യുജിസി 10പോയിൻറ് സ്കെയിലിൽ മൊത്തത്തിലോ തത്തുല്യ ഗ്രേഡിലോ കുറഞ്ഞത് 60 ശതമാനം മാർക്കോടെ ബിരുദാനന്തര ബിരുദവും അഞ്ച് വർഷം സാധുതയുള്ള ജെആർഎഫ് (യുജിസി/സിഎസ്ഐആർ/ഐസിഎംആർ/ഡിബിടി/ഡിഎസ്ടിഇൻസ്പയർ) അല്ലെങ്കിൽ മറ്റേതെങ്കിലും ദേശീയ മത്സരപരീക്ഷ ഫെലോഷിപ്പ് ഉള്ളവർക്ക് പിഎച്ച്ഡി പ്രോഗ്രാമിന് അപേക്ഷിക്കാം. 26 വയസ്സാണ് ഉയർന്ന പ്രായപരിധി. എസ് സി, എസ്ടി, വികലാംഗ വിഭാഗക്കാർക്ക് പ്രായപരിധിയിൽ ഇളവ് ലഭിക്കും.രണ്ട് പ്രോഗ്രാമുകൾക്കും ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി ജൂൺ 26. കൂടുതൽ വിവരങ്ങൾക്ക് https://rgcb.res.in/msc-adm, https://rgcb.res.in/phd-adm എന്നിവ സന്ദർശിക്കുക.

# മയക്കുമരുന്ന് ഉപയോഗവും കടത്തും തടയാൻ എക്സൈസ് വകുപ്പിന്റെ സ്പെഷ്യൽ കോമ്പിങ് ഓപ്പറേഷൻ

തിരുവനന്തപുരം : മയക്കുമരുന്ന് ഉപയോഗവും കടത്തും തടയുന്നതിന്റെ ഭാഗമായി എക്സൈസ് വകുപ്പ് മേയിൽ പ്രത്യേക കോമ്പിങ് ഓപ്പറേഷൻ സംഘടിപ്പിച്ചു. മേയ് 11 ന് സംസ്ഥാനത്തെ പ്രധാനപ്പെട്ട ഹൈവേകളിലും അതിർത്തി പ്രദേശങ്ങളിലും ഇടറോഡുകളിലും നടത്തിയ പ്രത്യേക വാഹന പരിശോധനയിൽ ചഉജട കേസുകൾ ഉൾപ്പെടെ 240 കേസുകളും 15 ന് അതിഥി തൊഴിലാളികളുടെ ക്യാമ്പുകളിൽ നടത്തിയ പരിശോധനയിൽ ആകെ 707 കേസുകളും രജിസ്റ്റർ ചെയ്തു. അബ്കാരി / ചഉജട കേസുകളിൽ വിവിധ കോടതികളിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ള വാറണ്ടുകളിലെ പ്രതികളെ പിടികൂടുന്നതിനായി 18 ന് നടത്തിയ പ്രത്യേക ഓപ്പറേഷനിൽ 58 വാറണ്ട് പ്രതികളെയും ഒളിവിൽ കഴിഞ്ഞു വന്നിരുന്ന 9 പിടികിട്ടാപ്പുള്ളികളെയും അറസ്റ്റ് ചെയ്തു. മെയ് 27 മുതൽ 31 വരെ അന്തർസംസ്ഥാന ട്രെയിനും അന്തർ സംസ്ഥാന ബസുകളും കേന്ദ്രീകരിച്ചു റെയിൽവേ സ്റ്റേഷനിലും സംസ്ഥാന ഹൈവേകളിലും നടത്തിയ പരിശോധനയിൽ 240 ട്രയിനുകളും 1370 അന്തർസംസ്ഥാന ബസുകളും പരിശോധിച്ചു. 115 ഇഛഠജആ കേസുകളും ഒരു ചഉജട കേസും കണ്ടെത്തി. 5.5 കിലോ കഞ്ചാവും 5 കിലോ പുകയില നിരോധിത ഉത്പന്നങ്ങളും പിടികൂടി. എക്സൈസ് കമ്മീഷണർ മഹിപാൽ യാദവിന്റെ നിർദേശപ്രകാരം അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) പ്രദീപ് പി.എം ന്റെ മേൽനോട്ടത്തിൽ നടന്ന കോമ്പിങ് ഓപ്പറേഷനുകൾക്ക് ജില്ലാ തലത്തിൽ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരും അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാരും പരിശോധനയ്ക്ക് നേതൃത്വം നൽകി. രണ്ടായിരത്തോളം എക്സൈസ് ജീവനക്കാർ പങ്കാളികളായി. സ്കൂൾ തുറക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തൊട്ടാകെ ഇനിയും ഇത്തരത്തിലുള്ള അപ്രതീക്ഷിത പരിശോധനകൾ സംഘടിപ്പിക്കുമെന്ന് അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) അറിയിച്ചു.

എക്സൈസ് വകുപ്പുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള നിയമലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന കൺട്രോൾ റൂമിലും എക്സൈസ് ആസ്ഥാനത്തെ ടെലിഫോൺ നമ്പരുകളിലും ബന്ധപ്പെട്ട വിവരങ്ങൾ കൈമാറാവുന്നതാണ്. ടെലിഫോൺ നമ്പരുകൾ എക്സൈസ് വകുപ്പിന്റെ വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്. എക്സൈസ് ആസ്ഥാനത്തെ ടെലിഫോൺ നമ്പർ: 0471 2322825, 9447178000, 9061178000.

## യൂറോ ടെക്നീഷ്യൻ താത്കാലിക നിയമനം

തിരുവനന്തപുരം : എറണാകുളം ജനറൽ ആശുപത്രിയിൽ ആശുപത്രി വികസന സൊസൈറ്റി മുഖേന യുറോ ടെക്നീഷ്യൻ തസ്തികയിൽ താത്കാലിക നിയമനം നടത്തുന്നു. യോഗ്യതയുള്ള പുരുഷ ഉദ്യോഗാർഥികൾക്ക് 19 ന് രാവിലെ 11 ന് വാക് ഇൻ ഇന്റർവ്യൂ നടത്തും. ഡിപ്ലോമ ഇൻ ഒ.ടി ടെക്നീഷ്യൻ/ അനസ്തേഷ്യ ടെക്നീഷ്യൻ അല്ലെങ്കിൽ ജി.എൻ.എം ആണ് യോഗ്യത. സമാന മേഖലയിലെ പ്രവൃത്തി പരിചയം അഭികാമ്യം.

ഉദ്യോഗാർഥികൾ യോഗ്യത തെളിയിക്കുന്ന രേഖകളുടെ അസൽ, പകർപ്പ്, ബയോഡാറ്റ എന്നിവ സഹിതം സൂപ്രണ്ടിന്റെ ഓഫീസിൽ എത്തണം. കൂടുതൽ വിവരങ്ങൾക്കും സംശയ നിവാരണത്തിനും പ്രവൃത്തി സമയങ്ങളിൽ 0484 2386000 എന്ന നമ്പറിൽ ബന്ധപ്പെടണം.

## പബ്ലിക് റിലേഷൻസ് ഓഫീസർ അഭിമുഖം 27 ന്

തിരുവനന്തപുരം : തിരുവിതാംകൂർ ദേവസ്വം ബോർഡിലെ പബ്ലിക് റിലേഷൻസ് ഓഫീസർ (കാറ്റഗറി നമ്പർ 11/2023) തസ്തികയിലേക്ക് ഫെബ്രുവരി 18 ന് നടത്തിയ ഒ.എം.ആർ പരീക്ഷയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ചുരുക്ക പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യാഗാർഥികളുടെ അഭിമുഖം ജൂൺ 27 ന് തിരുവനന്തപുരത്തുള്ള കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഓഫീസിൽ രാവിലെ 10.30 മുതൽ നടത്തും. ചുരുക്ക പട്ടികയിലെ ഉദ്യാഗാർഥികളുടെ രജിസ്റ്റർ നമ്പറുകളുടെ ക്രമത്തിലായിരിക്കും അഭിമുഖം. ഓരാ രജിസ്റ്റർ നമ്പറിനും നിശ്ചയിക്കപ്പെട്ട സമയത്ത് ആവശ്യമായ സർട്ടിഫിക്കറ്റുകൾ സഹിതം നേരിട്ട് ഹാജരാകാത്ത ഉദ്യാഗാർഥികളെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതല്ല. യാതാരുകാരണവശാലും അഭിമുഖ സമയം മാറ്റി നൽകുന്നതല്ല. അഭിമുഖ തീയതി, സമയം, സ്ഥലം ഇവ സംബന്ധിച്ച വിശദാംശങ്ങൾ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ ഔദ്യാഗിക വെബ്സൈറ്റായ ഠഠഠ.സറൃയ.സല്യമഹമ.ഴീ.ശി ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ചുരുക്ക പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യാഗാർഥികൾക്ക് അഭിമുഖ മെമ്മോ അവരുടെ പ്രൊഫൈലിൽ നിന്നും ഡൗൺലോഡ് ചെയ്യാം. എല്ലാ ഉദ്യാഗാർഥികൾക്കും ഇത് സംബന്ധിച്ച എസ്.എം.എസ് നൽകും. ജൂൺ 19 വരെ അറിയിപ്പ് ലഭിക്കാത്ത, ചുരുക്ക പട്ടികയിൽ ഉൾപ്പെട്ടവർ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ ഓഫീസുമായി നേരിട്ട് ബന്ധപ്പെടണം.

## ഡെപ്യൂട്ടേഷൻ ഒഴിവ്

തിരുവനന്തപുരം : കേരള സർക്കാരിനു കീഴിലുള്ള സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സ്ഥാപനമായ എസ്.സി.ഇ.ആർ.ടി (കേരള) യിലേക്ക് മാത്തമാറ്റിക്സ്, ഹിസ്റ്ററി വിഷയങ്ങളിൽ റിസർച്ച് ഓഫീസർ/ അസ്സിസ്റ്റൻറ് പ്രൊഫസർ തസ്തികകളിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതിനായി സർക്കാർ സ്കൂളുകൾ, സർക്കാർ അദ്ധ്യാപക പരിശീലന കേന്ദ്രങ്ങൾ, സർക്കാർ കോളേജുകൾ, സർക്കാർ ട്രെയിനിംഗ് കോളേജുകൾ, യൂണിവേഴ്സിറ്റികൾ എന്നിവയിൽ ജോലി ചെയ്യുന്ന അധ്യാപകരിൽ നിന്നു നിശ്ചിത മാതൃകയിൽ അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ വകുപ്പു മേലധികാരികളുടെ എൻ.ഒ.സി. സഹിതം ജൂൺ 24നു മുൻപായി ഡയറക്ടർ, എസ്.സി.ഇ.ആർ.ടി., വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം12 എന്ന വിലാസത്തിൽ ലഭിക്കണം. അപേക്ഷകരുമായി അഭിമുഖം നടത്തിയായിരിക്കും നിയമനത്തിനായുള്ളവരെ തെരെഞ്ഞെടുക്കുന്നത്. വിശദവിവരങ്ങൾ എസ്.സി.ഇ.ആർ.ടി. വെബ്സൈറ്റിൽ www.scert.kerala.gov.in ലഭ്യമാണ്.

## കേരള റോഡ് സുരക്ഷ അതോറിറ്റിയിൽ ഡെപ്യൂട്ടേഷൻ ഒഴിവ്

തിരുവനന്തപുരം : കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽ ക്ലാർക്ക്, ഓഫീസ് അറ്റൻഡന്റ് ഡെപ്യൂട്ടേഷൻ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. ക്ലാർക്ക് തസ്തികയിൽ മൈക്രോസോഫ്റ്റ് എക്സൽ, സ്പ്രെഡ് ഷീറ്റ്, പവർ പോയിന്റ്, പ്രസന്റേഷൻ ആൻഡ് ഓൺലൈൻ, വിർചൽ പ്ലാറ്റ്ഫോം, ഇഓഫീസ് പരിശീലനം എന്നിവയിലുള്ള പരിജ്ഞാനം ഉണ്ടായിരിക്കണം. ഓഫീസ് അറ്റൻഡന്റിന് 2 വീലർ, 4 വീലർ വാഹനങ്ങൾ ഉപയോഗിക്കുവാനറിയണം. വിവിധ സർക്കാർ വകുപ്പുകളിൽ തത്തുല്യ തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് അപേക്ഷിക്കാം. കേരള സർവീസ് റൂൾ പാർട്ട് ഒന്നിലെ ചട്ടം 144 അനുസരിച്ചുള്ള നിശ്ചിത മാതൃകയിലെ അപേക്ഷ എൻ.ഒ.സി സഹിതം ബന്ധപ്പെട്ട വകുപ്പു മേധാവി മുഖേന കേരള റോഡ് സുരക്ഷാ കമ്മീഷണർ, ട്രാൻസ് ടവേഴ്സ്, തിരുവനന്തപുരം 14 എന്ന വിലാസത്തിൽ 25നകം സമർപ്പിക്കണം. ഫോൺ : 0471 2336369.

## ഹോസ്പിറ്റാലിറ്റി അസിസ്റ്റന്റ് : ഇന്റർവ്യൂ 14 ന്

തിരുവനന്തപുരം : തിരുവനന്തപുരം കോളജ് ഓഫ് എൻജിനിയറിങ്ങിൽ ഹോസ്പിറ്റാലിറ്റി അസിസ്റ്റന്റ് താത്കാലിക തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് 14 ന് ഇന്റർവ്യൂ നടക്കും. എസ്.എസ്.എൽ.സിയും സർട്ടിഫിക്കറ്റ്/ ഡിപ്ലോമ ഇൻ ഹോസ്പിറ്റാലിറ്റി അല്ലെങ്കിൽ ഡിപ്ലോമ ഇൻ ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് സയൻസ് ആണ് യോഗ്യത. കമ്പ്യൂട്ടർ പരിജ്ഞാനം അഭികാമ്യം. പ്രായം 18 നും 41 നുമിടയിലാവണം. പ്രതിദിനം 675 രൂപയാണ് പ്രതിഫലം.

അപേക്ഷാ ഫോമിന്റെ മാതൃക ഠഠഠ.രലേ.മര.ശി ൽ നിന്ന് ഡൗൺലോഡ് ചെയ്യണം. പൂരിപ്പിച്ച അപേക്ഷയും ബയോഡാറ്റയും സർട്ടിഫിക്കറ്റുകളുടെ ഒറിജിനൽ, പകർപ്പ് എന്നിവ സഹിതം 14 ന് കോളജ് ഓഫീസിൽ [illegible]

## ഷാഫി പറമ്പിൽ എംഎൽഎ സ്ഥാനം രാജിവച്ചു

തിരുവനന്തപുരം: വടകരയിൽ നിന്ന് ലോക്സഭാ തെരഞ്ഞെടുപ്പിൽ വിജയിച്ച ഷാഫി പറമ്പിൽ എംഎൽഎ സ്ഥാനം രാജിവച്ചു. സ്പീക്കർ എ.എൻ ഷംസീറിൻറെ ഓഫീസിൽ നേരിട്ടെത്തിയാണ് രാജി സമർപ്പിച്ചത്.

പാർലമെൻറിലേക്ക് പോകുമ്പോൾ നിയമസഭയിലെ അനുഭവം കരുത്താകുമെന്ന് രാജിവെച്ച ശേഷം ഷാഫി മാധ്യമങ്ങളോട് പ്രതികരിച്ചു. പോയി തോറ്റിട്ട് വാ എന്ന് പറഞ്ഞല്ല പാലക്കാട്ടുകാർ തന്നെ വടകരയിലേക്ക് അയച്ചത്. ഉപതെരഞ്ഞെടുപ്പിലും ആ രാഷ്ട്രീയ ബോധ്യം പാലക്കാട്ടുകാർക്ക് ഉണ്ടാകുമെന്നും ഷാഫി പറമ്പിൽ പറഞ്ഞു. പാലക്കാട് നിയോജക മണ്ഡലത്തിലെ എംഎൽഎയായിരുന്നു ഷാഫി. ഇതോടെ ഇനി മണ്ഡലത്തിൽ ഉപതെരഞ്ഞെടുപ്പുണ്ടാകും.

ഷാഫി വടകരയിൽ മത്സരിക്കാൻ പാർട്ടി തീരുമാനിച്ചപ്പോൾ മുതൽ പാലക്കാട് പകരക്കാരനാര് എന്ന ചർച്ചകൾ സജീവമായിരുന്നു. യൂത്ത് കോൺഗ്രസ് അധ്യക്ഷൻ രാഹുൽ മാങ്കൂട്ടത്തിൽ, വി.ടി ബൽറാം എന്നിവരുടെ പേരുകളാണ് പരിഗണനയിൽ ഉള്ളതെന്നാണ് വിവരം.



## ലഫ്. ജനറൽ ഉപേന്ദ്ര ദ്വിവേദി പുതിയ കരസേന മേധാവി

ന്യൂഡൽഹി : ലഫ്.ജനറൽ ഉപേന്ദ്ര ദ്വിവേദി പുതിയ കരസേന മേധാവി. ജൂൺ മുപ്പതിന് ഉപേന്ദ്ര ദ്വിവേദി സ്ഥാനമേൽക്കും. നിലവിലെ മേധാവി മനോജ് പാണ്ഡെയുടെ കാലാവധി ഈ മാസം 30ന് അവസാനിക്കും.

കരസേനാ ഉപമേധാവിയായി ഫെബ്രുവരിയിലാണ് ലഫ്.ജനറൽ ഉപേന്ദ്ര ദ്വിവേദി ചുമതലയേറ്റത്.

## ക്ലർക്ക് കം ടൈപ്പിസ്റ്റ് ഒഴിവ്

തിരുവനന്തപുരം : കേരള സ്റ്റേറ്റ് ലീഗൽ സർവീസസ് അതോറിറ്റിയുടെ അനുബന്ധ സ്ഥാപനമായ നെയ്യാറ്റിൻകര താലൂക്ക് ലീഗൽ സർവീസസ് കമ്മിറ്റി, ഓഫീസിലെ ക്ലാർക്ക് കം ടൈപ്പിസ്റ്റ് ഒഴിവിൽ അപേക്ഷ ക്ഷണിച്ചു. ജൂൺ 19 നകം അപേക്ഷ നൽകണം. വിശദവിവരങ്ങൾക്ക് : www.k-e-l-sa.k-er-a-l-a-cour-ts.in.

## ഡ്രൈവർ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം : മുട്ടത്തറ സിമാറ്റ് കോളജ് ഓഫ് നഴ്സിങ്ങിൽ ദിവസ വേതന വ്യവസ്ഥയിൽ ഡ്രൈവർ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു. യോഗ്യത എസ്.എസ്.എൽ.സിയും 10 വർഷത്തെ പ്രവൃത്തി പരിചയവും (5 വർഷം ഹെവി ലൈസൻസ്), പ്രായം 62 വയസ് കവിയരുത്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 18 ചൊവ്വാഴ്ച വൈകിട്ട് 5 മണി. സർക്കാർ സർവീസ്, കെ.എസ്.ആർ.ടി.സി എന്നീ സ്ഥാപനങ്ങളിൽ നിന്നും വിരമിച്ചവർ, വിമുക്ത ഭടന്മാർ എന്നിവരെയും പരിഗണിക്കും. താത്പര്യമുള്ളവർ അപേക്ഷ, ബയോഡാറ്റ, വയസും യോഗ്യതയും തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് എന്നീ രേഖകൾ സഹിതം പ്രിൻസിപ്പൽ, സിമെറ്റ് കോളജ് ഓഫ് നഴ്സിങ്, മുട്ടത്തറ, പാറ്റൂർ, വഞ്ചിയൂർ പി.ഒ, തിരുവനന്തപുരം 695035 എന്ന വിലാസത്തിൽ ലഭ്യമാക്കണം.

## ജെ ഡി സി കോഴ്സിൽ സ്പോട്ട് അഡ്മിഷൻ

തിരുവനന്തപുരം : സംസ്ഥാന സഹകരണ യൂണിയന്റെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം സഹകരണ പരിശീലന കേന്ദ്രത്തിൽ ജൂനിയർ ഡിപ്ലോമ ഇൻ കോഓപ്പറേഷൻ (JDC) കോഴ്സിൽ ഒഴിവുള്ള സീറ്റുകളിൽ സ്പോട്ട് അഡ്മിഷൻ നടത്തും. താല്പര്യമുള്ളവർ എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റ്, ടി സി, സ്വഭാവ സർട്ടിഫിക്കറ്റ് എന്നിവയുടെ അസൽ, ഫീസ്, രണ്ട് ഫോട്ടോ എന്നിവ സഹിതം തിരുവനന്തപുരം കുറവൻകോണം സഹകരണ പരിശീലന കേന്ദ്രത്തിൽ 15നകം എത്തണം. ഫോൺ : 9400666950, 8181089439.

## ഡോ. എൻ. കൃഷ്ണകുമാർ നിയമസഭാ സെക്രട്ടറി

തിരുവനന്തപുരം : തിരുവനന്തപുരം ഗവൺമെന്റ് ലോ കോളജിലെ അസോസിയേറ്റ് പ്രൊഫസർ ആയിരുന്ന ഡോ. എൻ. കൃഷ്ണ കുമാർ നിയമസഭാ സെക്രട്ടറിയായി ചുമതലയേറ്റു.

## ബി.എസ്.സി. നഴ്സിംഗ്, പാരാമെഡിക്കൽ ഡിഗ്രി പ്രവേശനം

തിരുവനന്തപുരം : സംസ്ഥാനത്തെ സർക്കാർ/സ്വാശ്രയ കോളേജുകളിലേക്ക് 202425 വർഷത്തെ ബി.എസ്.സി. നഴ്സിംഗ്, ബി.എസ്.സി. എം.എൽ.റ്റി, ബി.എസ്.സി. പെർഫ്യൂഷൻ ടെക്നോളജി, ബി.എസ്.സി. ഒപ്റ്റോമെട്രി, ബി.പി.റ്റി., ബി.എ.എസ്സ്.എൽ.പി., ബി.സി.വി.റ്റി., ബി.എസ്.സി. ഡയാലിസിസ് ടെക്നോളജി, ബി.എസ്.സി ഒക്യൂപേഷണൽ തെറാപ്പി, ബി.എസ്.സി. മെഡിക്കൽ ഇമേജിംഗ് ടെക്നോളജി, ബി.എസ്.സി. റേഡിയോതെറാപ്പി ടെക്നോളജി, ബി.എസ്.സി. ന്യൂറോ ടെക്നോളജി എന്നീ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് അപേക്ഷാഫീസ് അടയ്ക്കുന്നത് ജൂൺ 15 വരെയും ഓൺലൈൻ അപേക്ഷ സമർപ്പിക്കാവുന്നത് ജൂൺ 17 വരെയുമാണ്.

എൽ.ബി.എസ് സെന്റർ ഡയറക്ടറുടെ www.lbscetnre.kerala.gov.in എന്ന വെബ്സൈറ്റ് വഴി അപേക്ഷാഫീസ് ഓൺലൈൻ മുഖേനയോ അല്ലെങ്കിൽ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത ചെല്ലാൻ ഉപയോഗിച്ച് ഫെഡറൽ ബാങ്കിന്റെ ഏതെങ്കിലും ഒരു ശാഖ വഴിയോ അപേക്ഷാ ഫീസ് ഒടുക്കാം. ജനറൽ, എസ്.ഇ.ബി.സി എന്നീ വിഭാഗത്തിന് 800 രൂപയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് 400 രൂപയുമാണ് അപേക്ഷാ ഫീസ്. പ്രോസ്സ്പെക്ടസ്സ് വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാം. കൂടുതൽ വിവരങ്ങൾ 04712560363, 364 എന്നീ നമ്പറുകളിലും www.lbscetnre.kerala.gov.in. എന്ന വെബ്സൈറ്റിലും ലഭിക്കും.

## അസോസിയേറ്റ് പ്രൊഫസർ/ റീഡർ

തിരുവനന്തപുരം : തിരുവനന്തപുരം ഗവ.ഹോമിയോപ്പതിക് മെഡിക്കൽ കോളജിലെ പത്തോളജി ആൻഡ് മൈക്രോബയോളജി വകുപ്പിലേക്ക് റീഎംപ്ലോയ്മെന്റ് മുഖേന അസോസിയേറ്റ് പ്രൊഫസർ / റീഡർ തസ്തികയിലെ ഒരു ഒഴിവിലേക്ക് നിയമനം നടത്തുന്നതിലേക്കായി ഗവ/എയ്ഡഡ് ഹോമിയോപ്പതിക് മെഡിക്കൽ കോളജുകളിലെ ബന്ധപ്പെട്ട വകുപ്പിൽ നിന്നും വിരമിച്ച സെൻട്രൽ കൗൺസിൽ ഓഫ് ഹോമിയോപ്പതി/ നാഷണൽ കൗൺസിൽ ഓഫ് ഹോമിയോപ്പതി നിഷ്കർഷിച്ചിരിക്കുന്ന യോഗ്യതയുള്ള അധ്യാപകരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ ജൂൺ 30 നു മുമ്പായി പ്രിൻസിപ്പാൾ ആൻഡ് കൺട്രോളിങ് ഓഫീസർ, ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളജ്, തിരുവനന്തപുരം 695009 എന്ന വിലാസത്തിൽ ലഭിക്കണം.

# കവചം ആദ്യഘട്ട പരീക്ഷണം പൂർത്തിയായി

തിരുവനന്തപുരം: സംസ്ഥാന ദുരന്ത നിവാരണ അതോറിട്ടിയുടെ കവചം മുന്നറിയിപ്പ് സംവിധാനത്തിന്റെ ഭാഗമായി കേരളത്തിൽ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള സൈറണുകളുടെ പ്രവർത്തന പരീക്ഷണത്തിന്റെ ആദ്യഘട്ടം പൂർത്തിയായി. 86 സൈറണുകളുടെ പ്രവർത്തന പരീക്ഷണമാണ് ഇന്നലെ വിവിധ സമയങ്ങളിലായി പൂർത്തീകരിച്ചത്. 14 ജില്ലകളിലുമായി സ്കൂളുകൾ, മറ്റ് പൊതുകെട്ടിടങ്ങൾ എന്നിവയിൽ സ്ഥാപിച്ച സൈറണുകളാണ് വിജയകരമായി പരീക്ഷിച്ചത്.

സംസ്ഥാന ദുരന്ത നിവാരണ അതോറിട്ടിയുടെ സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻസ് സെന്ററിൽ വച്ച് നിയന്ത്രിച്ച സൈറണുകൾ വഴി ശബ്ദമുന്നറിയിപ്പ്, വിവിധ അലേർട്ടുകൾക്ക് അനുസൃതമായി നൽകാൻ ഉദ്ദേശിക്കുന്ന മൂന്ന് തരം അലാറം എന്നിവയാണ് പരീക്ഷിച്ചത്. സൈറണുകളോടൊപ്പം ഘടിപ്പിച്ചിട്ടുള്ള കാമറകൾ വഴി സെന്ററിൽ വച്ച് തന്നെ പരിശോധനകൾ നടത്താൻ സാധിച്ചു. ഇതുകൂടാതെ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ വഴി വീഡിയോകൾ ശേഖരിക്കുകയും ചെയ്തു കൊണ്ടാണ് പരീക്ഷണം പൂർത്തിയാക്കിയത്.

83 സൈറണുകൾ പൂർണമായി പ്രവർത്തിച്ചപ്പോൾ നെറ്റ്വർക്ക് തകരാറുകൾ കാരണം മൂന്ന് സൈറണുകൾ പ്രവർത്തിപ്പിക്കാൻ സാധിച്ചില്ല. ഇവയുടെ തകരാറുകൾ പരിഹരിച്ചു അടുത്ത ദിവസങ്ങളിൽ വീണ്ടും പരീക്ഷണം നടത്തും. അതോടൊപ്പം ശബ്ദം കുറവ് റിപ്പോർട്ട് ചെയ്യപ്പെട്ട മൂന്ന് സൈറണുകൾ കൂടി വീണ്ടും പരീക്ഷിക്കുമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിട്ടി അറിയിച്ചു.

# കൊച്ചിയിലെ വെള്ളക്കെട്ടിന് കാരണം മേഘവിസ്ഫോടനം: മന്ത്രി എംബി രാജേഷ്

തിരുവനന്തപുരം: കൊച്ചിയിലുണ്ടായ അസാധാരണ വെള്ളക്കെട്ടിനു കാരണം മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾ നടക്കാത്തതാണെന്ന ആരോപണം വസ്തുതാവിരുദ്ധമാണെന്ന് മന്ത്രി എം ബി രാജേഷ് .

മേയ് 28ന് എറണാകുളം നഗരത്തിന്റെ ചില പ്രദേശങ്ങളിലും കളമശേരി, തൃക്കാക്കര നഗരസഭാ പ്രദേശങ്ങളിലും ഉണ്ടായത് മേഘവിസ്ഫോടനമാണെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് സ്ഥിരീകരിച്ചിട്ടുണ്ട്. തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലനിൽക്കുന്ന സമയമായതിനാൽ, മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾ ഉൾപ്പെടെ ഏകോപിപ്പിക്കാൻ തടസമുണ്ടായിട്ടുണ്ട്.

ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർക്കാൻ പാടില്ലെന്ന നിർദേശമുണ്ടായിരുന്നു. എങ്കിലും, വെള്ളക്കെട്ടുണ്ടാകുന്ന സാഹചര്യം ഒഴിവാക്കാൻ കാനകൾ, തോടുകൾ എന്നിവയിലെ മാലിന്യങ്ങൾ നീക്കി തടസങ്ങൾ നീക്കുന്ന പ്രവർത്തനങ്ങൾ തദ്ദേശ സ്ഥാപനങ്ങൾ ഏറ്റെടുത്തു നടത്തിയിരുന്നു. പക്ഷെ, സംസ്ഥാനത്തെ എല്ലാ തദ്ദേശസ്ഥാപനങ്ങളിലും മഴക്കാല പൂർവ ശുചീകരണ പ്രവർത്തനം ഒരുപോലെ നടന്നില്ല. കൊച്ചി നഗരസഭ ഇക്കാര്യത്തിൽ മികച്ച പ്രവർത്തനമാണ് നടത്തിയത്. എന്നാൽ, കളമശേരി, തൃക്കാക്കര നഗരസഭകൾ മഴക്കാല പൂർവ ശുചീകരണത്തിൽ വേണ്ടത്ര ശുഷ്കാന്തി കാട്ടിയിട്ടില്ലെന്നും ഉമാ തോമസിന്റെ ശ്രദ്ധ ക്ഷണിക്കലിന് മന്ത്രി മറുപടി നൽകി.



*യാത്ര അയപ്പും ആദരിക്കലും*

# കേരളകർണാടകലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് പോകരുതെന്ന് നിർദേശം

ജൂൺ 13 വരെ കേരള കർണാടകലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 55 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥക്കും സാധ്യതയുള്ളതിനാൽ, മുന്നറിയിപ്പുള്ള ദിവസങ്ങളിൽ ഈ പ്രദേശങ്ങളിൽ മത്സ്യബന്ധനത്തിന് പോകരുതെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

ഇന്ന് തമിഴ് നാട് തീരം, ഗൾഫ് ഓഫ് മന്നാർ, തെക്ക് പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിന്റെ വടക്ക് ഭാഗങ്ങൾ അതിനോട് ചേർന്ന മധ്യ പടിഞ്ഞാറൻ ബംഗാൾ ഉൾക്കടൽ എന്നിവിടങ്ങളിൽ മണിക്കൂറിൽ 45 മുതൽ 55 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 65 കിലോമീറ്റർ വരെയും കന്യാകുമാരി തീരം, അറബിക്കടലിന്റെ മധ്യ ഭാഗങ്ങൾ, തെക്കൻ ബംഗാൾ ഉൾക്കടൽ, മധ്യ ബംഗാൾ ഉൾക്കടൽ, തെക്കൻ ആന്ധ്ര പ്രദേശ് തീരം, വടക്കൻ ആൻഡമാൻ കടൽ എന്നിവിടങ്ങളിൽ മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 55 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥക്കും സാധ്യതയുണ്ട്.

നാളെ ഗൾഫ് ഓഫ് മന്നാർ, തെക്ക് പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിന്റെ മിക്ക ഭാഗങ്ങളും, മധ്യ ബംഗാൾ ഉൾക്കടലിന്റെ തെക്കൻ ഭാഗങ്ങൾ എന്നിവിടങ്ങളിലും മണിക്കൂറിൽ 45 മുതൽ 55 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 65 കിലോമീറ്റർ വരെയും തമിഴ്നാട് തീരം, കന്യാകുമാരി തീരം, അറബിക്കടലിന്റെ മധ്യ ഭാഗങ്ങൾ, തെക്കൻ ബംഗാൾ ഉൾക്കടൽ, മധ്യ ബംഗാൾ ഉൾക്കടൽ, ആന്ധ്ര പ്രദേശ് തീരം, വടക്കൻ ആൻഡമാൻ കടൽ എന്നിവിടങ്ങളിൽ മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 55 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥക്കും സാധ്യതയുണ്ട്.

ജൂൺ 13ന് മധ്യ ബംഗാൾ ഉൾക്കടലിൽ മണിക്കൂറിൽ 45 മുതൽ 55 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 65 കിലോമീറ്റർ വരെയും തമിഴ്നാട് തീരം, ഗൾഫ് ഓഫ് മാന്നാർ, കന്യാകുമാരി തീരം, അറബിക്കടലിന്റെ മധ്യ ഭാഗങ്ങൾ, തെക്കൻ ബംഗാൾ ഉൾക്കടൽ, മധ്യ ബംഗാൾ ഉൾക്കടൽ, അതിനോട് ചേർന്ന വടക്കൻ ബംഗാൾ ഉൾക്കടൽ, ആന്ധ്ര പ്രദേശ് തീരം, വടക്കൻ ആൻഡമാൻ കടലിന്റെ പടിഞ്ഞാറൻ ഭാഗങ്ങൾ എന്നിവിടങ്ങളിൽ മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 55 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥക്കും സാധ്യതയുണ്ട്.ജൂൺ 14നും ജൂൺ 15നും മധ്യ പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിൽ മണിക്കൂറിൽ 45 മുതൽ 55 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 65 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥക്കും സാധ്യതയുണ്ട്.

ജൂൺ 14ന് ഗൾഫ് ഓഫ് മാന്നാറിൽ മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 55 കിലോമീറ്റർ വരെയും, ജൂൺ 15ന് ഗൾഫ് ഓഫ് മാന്നാർ, അറബിക്കടലിന്റെ മധ്യ ഭാഗങ്ങൾ, തെക്കൻ ബംഗാൾ ഉൾക്കടൽ, മധ്യ ബംഗാൾ ഉൾക്കടൽ, അതിനോട് ചേർന്ന വടക്കൻ ബംഗാൾ ഉൾക്കടൽ എന്നിവിടങ്ങളിലും മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 55 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥക്കും സാധ്യതയുള്ളതായി കേന്ദ്രകാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഈ സാഹചര്യത്തിൽ മുന്നറിയിപ്പുള്ള ദിവസങ്ങളിൽ ഈ പ്രദേശങ്ങളിൽ മത്സ്യബന്ധനത്തിന് പോകരുതെന്നും അറിയിപ്പിൽ പറയുന്നു.

## കീം 2024: ബി.ഫാം കോഴ്സുകളിലേക്കുള്ള കമ്പ്യൂട്ടർ അധിഷ്ഠിത പരീക്ഷ

എൻജിനിയറിങ്ങും, എൻജിനിയറിങ്/ഫാർമസിയ്ക്കും അപേക്ഷിച്ച വിദ്യാർഥികളുടെ കമ്പ്യൂട്ടർ അധിഷ്ഠിത (സി.ബി.ടി) പരീക്ഷ ജൂൺ 9ന് അവസാനിച്ചു. ഫാർമസി കോഴ്സിലേക്ക് മാത്രം അപേക്ഷിച്ച വിദ്യാർഥികൾക്കുള്ള കമ്പ്യൂട്ടർ അധിഷ്ഠിത പരീക്ഷ (സി.ബി.ടി) ജൂൺ 10ന് നടക്കും. വൈകിട്ട് 3.30 മുതൽ 5 മണിവരെയാണ് പരീക്ഷ. ഫാർമസി (ബി.ഫാം) കോഴ്സിലേക്ക് മാത്രം അപേക്ഷിച്ച വിദ്യാർഥികൾ ജൂൺ 10ന് വൈകിട്ട് 3ന് മുമ്പ് അവരവരുടെ പരീക്ഷാ കേന്ദ്രങ്ങളിൽ അഡ്മിറ്റ് കാർഡിൽ പരാമർശിച്ചിരിക്കുന്ന തിരിച്ചറിയൽ രേഖകളുമായി എത്തണം.

## സ്പോർട്സ് ക്വാട്ട: അസൽ സർട്ടിഫിക്കറ്റ് പരിശോധന 12ന്

കീം/കുസാറ്റ് 2024 സ്പോർട്സ് ക്വാട്ട അഡ്മിഷന് വേണ്ടി കൗൺസിലിൽ അപേക്ഷ സമർപ്പിച്ച കായികതാരങ്ങളുടെ അസൽ സർട്ടിഫിക്കറ്റ് പരിശോധന മേയ് 29ന് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ വച്ച് നടത്തിയിരുന്നു. പ്രസ്തുത ദിവസം സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് എത്തിച്ചേരാൻ കഴിയാത്ത കായികതാരങ്ങൾ മേയ് 29ന് മുമ്പ് കൗൺസിലിൽ അപേക്ഷ സമർപ്പിച്ചവർ അസൽ സർട്ടിഫിക്കറ്റുകളുമായി ജൂൺ 12ന് കൗൺസിലിൽ എത്തിച്ചേരണം.

## ഐസിഫോസിൽ ബ്രിഡ്ജ് കോഴ്സ്

കേരള സർക്കാരിനു കീഴിൽ പ്രവർത്തിക്കുന്ന അന്താരാഷ്ട്ര സ്വതന്ത്ര വിജ്ഞാന ഗവേഷണ വികസന കേന്ദ്രം (ഐസിഫോസ്) പൈതൺ പ്രോഗ്രാമിങ്ങിലും സ്വതന്ത്ര സോഫ്റ്റ്‌വെയറിലും ഹാർഡ്‌വെയറിലും ബ്രിഡ്ജ് കോഴ്സ് ജൂൺ 20 മുതൽ 29 വരെ സംഘടിപ്പിക്കുന്നു. ഒമ്പത് ദിവസം നീണ്ടുനില്ക്കുന്ന ഈ പ്രോഗ്രാം ഹയർ സെക്കൻഡറി പൂർത്തീകരിച്ച് എൻജിനിയറിങ് / സയൻസ് സ്ട്രീമുകളിൽ ഡിഗ്രി പ്രവേശനം നേടാൻ ഉദ്ദേശിക്കുന്ന വിദ്യാർഥികൾക്കായാണ് രൂപകല്പന ചെയ്തിരിക്കുന്നത്.

കാര്യവട്ടം ഐസിഫോസിൽ രണ്ട് ബാച്ചുകളിലായാണ് പ്രോഗ്രാം നടക്കുന്നത്. ആദ്യ ബാച്ച് രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒന്നു വരെയും രണ്ടാമത്തെ ബാച്ച് ഉച്ചയ്ക്ക് രണ്ടു മുതൽ വൈകിട്ട് അഞ്ചു വരെയും ആയിരിക്കും.

ഒരു ബാച്ചിൽ 30 സീറ്റുകളാണുള്ളത്. ഒരാൾക്ക് 2,000 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. https://applications.icfoss.org/BridgeCourseOnPython_FOSS/ എന്ന വെബ്സൈറ്റ് വഴി രജിസ്റ്റർ ചെയ്യാം. അപേക്ഷിക്കേണ്ട അവസാന തിയതി ജൂൺ 17. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും https://icfoss.in/event-details/189 എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ അല്ലെങ്കിൽ രാവിലെ 10 മുതൽ വൈകിട്ട് അഞ്ചുവരെ +91 7356610110 +91 471 2413012 / 13 / 14 +91 9400225962 എന്നീ നമ്പരുകളിൽ ബന്ധപ്പെടുകയോ ചെയ്യുക.

## ഓഫീസ് അറ്റൻഡന്റ് ഒഴിവ്

പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യുക്കേഷണൽ ടെക്നോളജി (എസ്‌ഐഇടി) കേരളയുടെ തിരുവനന്തപുരം ജഗതിയിലുള്ള ഓഫീസിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ ഓഫീസ് അറ്റൻഡന്റിനെ ആവശ്യമുണ്ട്.

പ്ലസ്ടു/തത്തുല്യ യോഗ്യതയുള്ളവരായിരിക്കണം. അപേക്ഷകർക്ക് കമ്പ്യൂട്ടർ പരിജ്ഞാനം നിർബന്ധമാണ്. പ്രായപരിധി 40 വയസിന് താഴെ. താത്പര്യമുള്ളവർ ജൂൺ 19 നകം എസ്.ഐ.ഇ.ടി ഓഫീസിൽ ഹാജരാകണം.

## സർട്ടിഫിക്കറ്റ് ഇൻ ഹോസ്പിറ്റൽ ഇൻഫെക്ഷൻ പ്രിവൻഷൻ ആൻഡ് കൺട്രോൾ പ്രോഗ്രാം

സ്റ്റേറ്റ് റിസോഴ്സ് സെന്റർ, കേരളയുടെ കീഴിൽ പ്രവർത്തിക്കുന്ന എസ്.ആർ.സി കമ്മ്യൂണിറ്റി കോളജിന്റെ ആഭിമുഖ്യത്തിൽ ഹോസ്പിറ്റൽ ഇൻഫെക്ഷൻ പ്രിവൻഷൻ ആൻഡ് കൺട്രോളിൽ സർട്ടിഫിക്കറ്റ് പ്രോഗ്രാമിന് അപേക്ഷ ക്ഷണിച്ചു. ഈ ഓൺലൈൻ പാർട്ട് ടൈം സർട്ടിഫിക്കറ്റ് പ്രോഗ്രാമിൽ ഡോക്ടർമാർ, ഡിപ്ലോമയോ ഡിഗ്രിയോ ഉള്ള നഴ്സിങ്, പാരാമെഡിക്കൽ, അഡ്മിനിസ്ട്രേറ്റീവ് പ്രൊഫഷണലുകൾ എന്നിവർക്ക് അപേക്ഷിക്കാം.

https://apps.rccc.in/register എന്ന ലിങ്കിലൂടെ ആപ്ലിക്കേഷൻ ഓൺലൈനായി സമർപ്പിക്കാൻ കഴിയും. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 30. വിശദ വിവരങ്ങൾക്ക്: 9048110031, 8075553851, wwws.rcc.in.

## ഫോട്ടോജേണലിസം കോഴ്സ് പരീക്ഷാഫലം പ്രഖ്യാപിച്ചു

കേരള മീഡിയ അക്കാദമി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്യൂണിക്കേഷൻ പത്താം ബാച്ച് ഫോട്ടോജേണലിസം ഡിപ്ലോമ കോഴ്സിന്റെ പരീക്ഷാഫലം പ്രഖ്യാപിച്ചു. അക്കാദമി തിരുവനന്തപുരം സെന്ററിലെ ബി. ഭരത് ചന്ദ്രൻ ഒന്നാം റാങ്കിനും കൊച്ചി സെന്ററിലെ സച്ചിൻ സണ്ണി രണ്ടാം റാങ്കിനും തിരുവനന്തപുരം സെന്ററിലെ പി.വി.വിഗ്നേഷ് സ്വാമി മൂന്നാം റാങ്കിനും അർഹരായി.

കന്യാകുമാരി പൊൻമനയിൽ മംഗലം സൗപർണികയിൽ ബാലചന്ദ്രന്റെയും, തങ്കമണിയുടെയും മകനാണ് ഒന്നാം റാങ്ക് നേടിയ ബി. ഭരത് ചന്ദ്രൻ. പെരുമ്പാവൂർ കൂവപ്പടി മാവേലി വീട്ടിൽ സണ്ണിയുടേയും മീനയുടേയും മകനാണ് രണ്ടാം റാങ്ക് നേടിയ സച്ചിൻ സണ്ണി. തിരുവനന്തപുരം ചെമ്പഴന്തി മണയ്ക്കൽ ഡ്യൂഡ്രോപ്പ് CRA/C1-ൽ വിജയകുമാരന്റെയും ഡോ.ഗ്രീഷ്മലതയുടെയും മകനാണ് മൂന്നാം റാങ്ക് നേടിയ പി.വി.വിഗ്നേഷ് സ്വാമി. പരീക്ഷാഫലം അക്കാദമി വെബ്സൈറ്റായ www.keralamediaacademy.org ൽ ലഭിക്കും.

## കയർ പരിശീലനകേന്ദ്രത്തിൽ സർട്ടിഫിക്കറ്റ് കോഴ്സ്

ആലപ്പുഴ കലവൂരിൽ പ്രവർത്തിക്കുന്ന ദേശീയ കയർ പരിശീലന കേന്ദ്രത്തിൽ സർട്ടിഫിക്കറ്റ് കോഴ്സ് എൻഎസ്ക്യുഎഫ് ലെവൽ3 അധ്യയന പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. ആറ് മാസമാണ് കോഴ്സ് ദൈർഘ്യം. ഒരു മാസം ഇന്റേൺഷിപ്പ് ഉണ്ടായിരിക്കും. അപേക്ഷകർ സാക്ഷരതയുള്ളവരാകണം. കയർ വ്യവസായ നിയമം 1958 (ആർ ആൻഡ് എൽ) പ്രകാരം രജിസ്റ്റർ ചെയ്ത സംഘങ്ങളിൽ നിന്ന് സ്പോൺസർ ചെയ്തിട്ടുള്ള അപേക്ഷകർക്ക് മുൻഗണനയുണ്ടായിരിക്കും. പ്രായപരിധി 18നും 50നും ഇടയിൽ. പ്രതിമാസം 3,000 രൂപ സ്റ്റൈപന്റായി ലഭിക്കും. അപേക്ഷാ ഫോം ദേശീയ കയർ പരിശീലന കേന്ദ്രം അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിൽ നിന്നും http://coirboard.gov.in വെബ്സൈറ്റിൽ നിന്നും ലഭിക്കും. അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി ജൂൺ 21. കൂടുതൽ വിവരങ്ങൾക്ക് 0477 2258067

## യാത്രയയപ്പും അവാർഡ് ജേതാക്കളെ ആദരിക്കലും സംഘടിപ്പിച്ചു

ജില്ലാ വനിതാ ശിശു വികസന ഓഫീസിന്റെ ആഭിമുഖ്യത്തിൽ വിരമിച്ച ജീവനക്കാർക്കുള്ള യാത്രയയപ്പും സംസ്ഥാന അവാർഡ് ജേതാക്കളെ ആദരിക്കലും സംഘടിപ്പിച്ചു. ജില്ലാ പഞ്ചായത്ത് ഇഎംഎസ് ഹാളിൽ നടന്ന ചടങ്ങ് ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഷൈലജ ബീഗം ഉദ്ഘാടനം ചെയ്തു. ജില്ലാ പഞ്ചായത്ത് ക്ഷേമ കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ വിളപ്പിൽ രാധാകൃഷ്ണൻ, ജില്ലാ ഇൻഫർമേഷൻ ഓഫീസർ ജി. ബിൻസിലാൽ, ജില്ലാ വനിതാ ശിശു വികസന ഓഫീസർ കവിതാ റാണി, ജില്ലാ സാമൂഹിക നീതി ഓഫീസർ ഷൈനി മോൾ, വിവിധ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## ഇൻകുബേഷൻ സെന്ററിലേക്ക് അപേക്ഷിക്കാം

സംരംഭകർക്കായി വ്യവസായ വാണിജ്യ വകുപ്പിന്റെ സംരംഭകത്വ വികസന ഇൻസ്റ്റിറ്റ്യൂട്ടായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് (കെ.ഐ.ഇ.ഡി) ഇൻകുബേഷൻ സെന്റർ ആരംഭിക്കുന്നു. അങ്കമാലിയിലുള്ള കെ.ഐ.ഇ.ഡിന്റെ എന്റർപ്രൈസ് ഡെവലപ്മെന്റ് സെന്റർ (ഇ.ഡി.സി) ൽ ആണ് ഇൻകുബേഷൻ ആരംഭിക്കുന്നത്. പ്രാരംഭ ഘട്ടത്തിലുള്ള സ്റ്റാർട്ടപ്പുകൾക്കും കേരളത്തിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന എം.എസ്.എം.ഇകൾക്കും ഇൻകുബേഷനായി അപേക്ഷിക്കാം.

ഇൻകുബേഷനായി അഥവാ കോവർക്കിങ്ങിനായി 21 ക്യുബിക്കിൾ സ്പേസുകൾ: സഹകരണം, സർഗ്ഗാത്മകത, ഉത്പാദനക്ഷമത എന്നിവ പ്രോത്സാഹിപ്പിക്കുന്ന രീതിയിലാണ് അത്യാധുനിക ഇൻകുബേഷൻ/ വർക്ക്സ്പെയ്സ് രൂപകൽപ്പന ചെയ്തിരിക്കുന്നത്.

ഓഫീസ് സ്ഥലത്തിനപ്പുറം, തിരഞ്ഞെടുക്കപ്പെടുന്നവർക്ക് മെന്റർഷിപ്പ്, നെറ്റ്‌വർക്കിങ് അവസരങ്ങൾ, വർക്ക്ഷോപ്പുകൾ, ബിസിനസ് വളർച്ച ലക്ഷ്യമിട്ടുള്ള വിശാലമായ അവസരങ്ങൾ എന്നിവയിൽ നിന്ന് പ്രയോജനം ലഭിക്കും.

'ഹൈ സ്പീഡ് വൈഫൈ സൗകര്യം, എയർകണ്ടീഷൻ ചെയ്ത സ്ഥലം, ഇൻകുബേറ്റികൾക്കുള്ള ആക്സസ് കാർഡ്, മീറ്റിംഗ് ഹാൾ ആൻഡ് കോൺഫറൻസ് ഹാൾ എന്നീ സൗകര്യങ്ങളും ലഭിക്കും.

പ്രതിമാസം 5,000 രൂപയാണ് (ജി.എസ്.ടി കൂടാതെ) ഒരു ക്യുബിക്കിളിനുള്ള ഫീസ്. താത്പര്യമുള്ളവർ ഓൺലൈനായി www.kied.info/incubation ൽ ജൂൺ 26ന് മുൻപ് അപേക്ഷ സമർപ്പിക്കണം. തിരഞ്ഞെടുക്കപ്പെട്ടുന്നവർ മാത്രം ഫീസ് അടച്ചാൽ മതി. കൂടുതൽ വിവരങ്ങൾക്ക്: 0484 2532890/04842550322/ 9188922800.

## ആശുപത്രി ബ്ലോക്ക്, ശസ്ത്രക്രിയ മുറികൾ രണ്ടാംഘട്ടത്തിൽ

രോഗികൾക്കായുള്ള 200 കിടക്കകളുള്ള ആശുപത്രി ബ്ലോക്ക്, ഓപ്പറേഷൻ തിയറ്ററുകൾ, ഓഡിറ്റോറിയങ്ങൾ, മോർച്ചറി, പ്രിൻസിപ്പൽ, ഡോക്ടർമാർ, മറ്റു ജീവനക്കാർ എന്നിവർക്കായുള്ള ക്വാർട്ടേസ് തുടങ്ങിയവയുടെ നിർമാണ പുരോഗതി യോഗം വിലയിരുത്തി.

ഏഴു നിലകളിലായി നിർമിക്കുന്ന 200 കിടക്കകളുള്ള ആശുപത്രി കെട്ടിടത്തിൻറെ ആറുനിലകളുടെ നിർമാണം പൂർത്തിയായി. ഏഴാമത്തെ നിലയുടെ നിർമാണവും കെട്ടിടത്തിൻറെ പ്ലാസ്റ്ററിംഗ്, ഇലക്ട്രിക്, പ്ലംബിംഗ് പ്രവർത്തനങ്ങളുമാണ് പുരോഗമിക്കുന്നത്.

പ്രിൻസിപ്പൽ ഓഫീസിൻറെയും നാലു നിലകളിലായി നിർമിക്കുന്ന പുതിയ അക്കാഡമിക് ബ്ലോക്കിൻറെയും നിർമാണം അന്തിമഘട്ടത്തിൽ എത്തി. മൂന്നുമാസത്തിനുള്ളിൽ നിർമാണം പൂർത്തീകരിക്കും.

ജീവനക്കാർക്ക് താമസിക്കുന്നതിനുള്ള ടൈപ്പ് ബി ആൻഡ് ഡി ഫ്ലാറ്റ് സമുച്ചയങ്ങളും ഡിസംബറിൽ പൂർത്തീകരിക്കും. ടൈപ്പ് എ ആൻഡ് സി ഫ്ലാറ്റ് സമുച്ചയങ്ങൾ ഓഗസ്റ്റിനുള്ളിൽ പൂർത്തീകരിക്കാനാണ് നിർദേശം.

കെട്ടിടത്തിൻറെ പെയിൻറിംഗ്, പ്ലംബിംഗ് ജോലികളാണ് നടന്നുവരുന്നത്. ഓരോ ഫ്ലാറ്റ് സമുച്ചയത്തിലും 40 അപ്പാർട്ട്മെൻറുകൾ വീതമാണ് ക്രമീകരിച്ചിരിക്കുന്നത്. ഫ്ലാറ്റ് സമുച്ചയങ്ങളിലെ അപ്പാർട്ട്മെൻറുകൾ പ്രത്യേകം വൈദ്യുതീകരിക്കുന്നതിന് പുതിയ ട്രാൻസ്ഫോമർ സ്ഥാപിച്ച് നടപടികൾ വേഗത്തിൽ ആക്കുന്നതിന് കെഎസ്ഇബി അസി. എൻജിനീയറെ ചുമതലപ്പെടുത്തി.

## പച്ചമലയാളം കോഴ്സ് : ജൂൺ 15 വരെ അപേക്ഷിക്കാം

കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി നടപ്പാക്കുന്ന പച്ചമലയാളം കോഴ്സിലേക്ക് ജൂൺ 15 വരെ രജിസ്റ്റർ ചെയ്യാം. ഔപചാരിക വിദ്യാഭ്യാസത്തിന്റെ ഭാഗമായി മലയാളം പഠിക്കാൻ അവസരം ലഭിക്കാത്തവർക്കും മലയാളത്തിൽ സാമാന്യ പരിജ്ഞാനം ആഗ്രഹിക്കുന്നവരുമായ 17 വയസു കഴിഞ്ഞ ആർക്കും മലയാളം പഠിക്കാൻ കഴിയുന്ന ഒരു വർഷം ദൈർഘ്യമുള്ള കോഴ്സാണ് പച്ചമലയാളം. ആറുമാസം വീതമുള്ള ഒന്നാം ഭാഗം അടിസ്ഥാന കോഴ്സ്, രണ്ടാം ഭാഗം അഡ്വാൻസ്ഡ് കോഴ്സ് എന്നിങ്ങനെയാണ് പച്ചമലയാളം കോഴ്സ് വിഭാവനം ചെയ്തിരിക്കുന്നത്

നിലവിലുണ്ടായിരുന്ന നാലുമാസം ദൈർഘ്യമുള്ള പച്ചമലയാളം സർട്ടിഫിക്കറ്റ് കോഴ്സ് രണ്ടു ഭാഗങ്ങളായി പൂർത്തിയാകുന്ന രീതിയിൽ പരിഷ്കരിച്ചാണ് പുതിയ കോഴ്സിന്റെ രജിസ്ട്രേഷൻ ആരംഭിച്ചത്.

ഒന്നുമുതൽ പത്തുവരെയുള്ള ക്ലാസുകളിൽ നേടേണ്ട മലയാള ഭാഷാ പഠനശേഷികൾ സ്വായത്തമാക്കാൻ പര്യാപ്തമായ രീതിയിലാണ് പരിഷ്കരിച്ച പച്ചമലയാളം കോഴ്സ് വിഭാവനം ചെയ്തിട്ടുള്ളത്. സാക്ഷരതാമിഷന്റെ പച്ചമലയാളം സർട്ടിഫിക്കറ്റ് കോഴ്സ് ഒരു തുല്യതാകോഴ്സാണ്. സർക്കാർ ജീവനക്കാർക്ക് പത്താം ക്ലാസ് മലയാളപഠനം നിർബന്ധമാണ് എന്ന വസ്തുത കണക്കിലെടുത്താണ് ഈ കോഴ്സിന്റെ പരിഷ്കരണം. 60 മണിക്കൂർ മുഖാമുഖവും 30 മണിക്കൂർ ഓൺലൈനുമായാണ് പച്ചമലയാളം അടിസ്ഥാന കോഴ്സിന്റെ ക്ലാസുകൾ.

അടിസ്ഥാന കോഴ്സിൽ വിജയിക്കുന്നവർക്ക് അഡ്വാൻസ്ഡ് കോഴ്സിൽ ചേർന്ന് പഠിക്കാം. ആറ് മാസമാണ് അടിസ്ഥാന കോഴസിന്റെ കാലാവധി. രജിസ്ട്രേഷൻ ഫീസ് 500 രൂപയും കോഴ്സ് ഫീസ് 3500 രൂപയുമാണ്. വിശദവിവരങ്ങൾക്ക് 95264 13455, 9947528616 എന്നീ നമ്പറരുകളിൽ ബന്ധപ്പെടണം.

## വിമാനാപകടം; മലാവി വൈസ് പ്രസിഡന്റ് ഉൾപ്പെടെ 10 പേർക്കു ദാരുണാന്ത്യം

ലണ്ടൻ : മലാവി വൈസ് പ്രസിഡന്റ് സോളോസ് ക്ലോസ് ചിലിമ (51) വിമാനാപകടത്തിൽ കൊല്ലപ്പെട്ടെന്ന് സ്ഥിരീകരണം. സോളോസുൾപ്പെടെ വിമാനത്തിലുണ്ടായ 10 പേരും മരിച്ചതായി മലാവി പ്രസിഡന്റ് ലസാറസ് ചക്വേരെ ടെലിവിഷൻ സന്ദേശത്തിൽ അറിയിച്ചു. മരിച്ചവരിൽ സോളോസിന്റെ ഭാര്യ മേരിയും രാഷ്ട്രീയ പാർട്ടിയായ യുണൈറ്റഡ് ട്രാൻസ്ഫോർമേഷൻ മൂവ്മെന്റിന്റെ നേതാക്കളും ഉൾപ്പെടുന്നു.



പറന്നുയർന്നു, പിന്നാലെ അപ്രത്യക്ഷം; മലാവി വൈസ് പ്രസിഡന്റ് കയറിയ വിമാനം കാണാതായി

തകർന്നുവീണ വിമാനം വനത്തിൽ കണ്ടെത്തിയെന്നും ചക്‌വേര പറഞ്ഞു. മലാവി മുൻ മന്ത്രി റാൽഫ് കസാംബാരയുടെ സംസ്കാരച്ചടങ്ങുകൾക്കായാണ് തിങ്കളാഴ്ച സോളോസ് യാത്ര തിരിച്ചത്. മസുസിവിലെ വിമാനത്താവളത്തിൽ ഇറങ്ങേണ്ടിയിരുന്ന വിമാനം മോശം കാലാവസ്ഥയെത്തുടർന്ന് തലസ്ഥാനമായ ലിലോങ്‌വേയിലേക്ക് തിരിച്ചുവിടുകയായിരുന്നു. പിന്നീട് വിമാനം റഡാറിൽനിന്ന് അപ്രത്യക്ഷമായി.

## ആർ.സി.സിയിൽ അസിസ്റ്റന്റ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ കരാറടിസ്ഥാനത്തിൽ അസിസ്റ്റന്റ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (ക്ലിനിക്കൽ സർവീസ്) നിയമനത്തിന് ജൂൺ 21ന് വാക്ക് ഇൻ ഇന്റർവ്യൂ നടത്തും. വിശദവിവരങ്ങൾ www.rcctvm.gov.in എന്ന ആർ.സി.സിയുടെ വെബ് സൈറ്റിൽ ലഭിക്കും.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# പുനർഗേഹം : കൊല്ലത്ത് ഗുണഭോക്താക്കളുടെ തെരെഞ്ഞെടുപ്പ് തുടങ്ങി

കൊല്ലം : ജില്ലയിൽ നടപ്പിലാക്കുന്ന പുനർഗേഹം പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായിട്ടുള്ള ജില്ലാതല അപ്രൂവൽ സമിതിയോഗം ഇന്ന് ഉച്ചയ്ക്ക് ശേഷം കൊല്ലം ജില്ലാ കാളക്ടർ ശ്രീ ദേവീദാസ് കഅട ന്റെ അധ്യക്ഷതയിൽ കളക്ടറേറ്റിൽ യോഗം ചേർന്ന്. ഫിനാൻസ് ഓഫീസർ, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം, കരുനാഗപ്പള്ളി, കുന്നത്തൂർ താഹസീൽദർമാർ, മത്സ്യഫഡ് ജില്ലാ മാനേജർ, മുണ്ടയ്ക്കൽ, ശക്തികുളങ്ങര, കരുനാഗപ്പള്ളി, ശാസ്താംകോട്ട വില്ലജ് ഓഫീസറൻമാർ തുടങ്ങിയവർ പങ്കെടുത്തു.

നിരന്തരമായ കടലക്രമണം മൂലവും മൺസൂൺ കാല കടൽ ഷോഭം, കള്ളക്കടൽ എന്നിവ മൂലവും കൊടുങ്കാറ്റു മൂലവുമൊക്കെ വീടും മറ്റു സ്ഥാവര ജംഗമ വസ്തുക്കളും നഷ്ടപ്പെടുന്ന തീരദേശ നിവാസികളേയും അതിനു സാധ്യത ഉള്ളവരെയും പുനരധിവസിപ്പിക്കുന്നതിനായി ഫിഷറീസ് വകുപ്പ് ആവിഷ്കരിച്ചു നടപ്പിലാക്കുന്ന പദ്ധതിയാണ് പുനർഗേഹം പദ്ധതി. വേലിയേറ്റ രേഖയിൽ നിന്നും കരയിലേക്ക് 50 മീറ്റർ വരെ എത്തുന്ന പ്രദേശത്തു വസിക്കുന്നവർക്കാണ് പദ്ധതിയുടെ ആനുകൂല്ല്യം ലഭിക്കുക.

37 കിലോമീറ്റർ തീര ദൈർഖ്യം വരുന്ന കൊല്ലം ജില്ലയിൽ വെലിയേറ്റ രേഖയിൽ നിന്നുള്ള 50 മീറ്റർ പ്രദേശത്തു 1580 വീടുകളാണുള്ളത്. ഇതിൽ പദ്ധതിയിൽ ചേരാൻ സമ്മതം പ്രകടിപ്പിച്ചവർ 567 പേർ മാത്രമാണ്. ഇതിൽ 560 പേരെ ഇന്ന് ചേർന്ന യോഗത്തിലുൾപ്പെടെ അംഗീകരിച്ചു.

ഇപ്രകാരം തെരെഞ്ഞെടുക്കപ്പെടുന്നവർക്ക് 3 സെന്റു മുതൽ വിസ്ത്ര്യതി വരുന്ന ഭൂമി വാങ്ങാൻ 6 ലക്ഷം രൂപയും വീട്

പണിയുന്നതിനായി 4 ലക്ഷം രൂപയും അനുവദിക്കും.

തെരെഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾ സ്വന്തം നിലയ്ക്ക് കണ്ടെത്തുന്ന ഭൂമി ബന്ധപ്പെട്ട വില്ലജ് ഓഫീസർ താഹസീൽദാർ ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരടങ്ങുന്ന സംയുക്ത പരിശോധന സംഘം പരിശോധിച്ച് വസ്തുവിന്റെ വില നിർണ്ണയിക്കുന്നു. ഇപ്രകാരം വില നിർണ്ണയിക്കുന്ന ഭൂമിയുടെ ഉടമയും ഗുണഭോക്താവും തമ്മിൽ വില ധാരണയാകുന്നതോടെ പദ്ധതിയുടെ ജില്ലാതല പുർചേസ് സമിതി(ഉഘജഇ) യോഗം ചേർന്ന് അംഗീകാരം നൽകുന്നു. ഇന്ന് ചേർന്ന ഡിഎൽപിസി യോഗത്തിലുൾപ്പെടെ 394 പേർക്ക് നാളിതുവരെ പദ്ധതി അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ 389 പേര് ഭൂമി വാങ്ങി. 388 പേർക്ക് വസ്തു വാങ്ങിയതിന്റെ തുക അനുവദിച്ചു. 290 പേര് വീട് വച്ചു താമസം മാറി. 28 പേര് മേൽക്കൂര വരെയുള്ള മൂന്നാം ഘട്ടം പണി പൂർത്തീകരിച്ചു. 22 പേര് ലിന്റിൽ മാം വരെയുള്ള രണ്ടാം ഘട്ടം പണിയും 19 പേര് അടിസ്ഥാനം വരെയുള്ള ഒന്നാം ഘട്ട പണിയും പൂർത്തീകരിച്ചിട്ടുണ്ട്. വിവിധ ഗുണഭോക്താക്കൾക്കായി ഇതുവരെ 36.76 കോടി രൂപ പദ്ധതി ധന സഹായം അനുവദിച്ചിട്ടുണ്ട്.

മുണ്ടക്കൽ വെടിക്കുന്നു ഭാഗത്തു കടലക്രമണത്തിൽ വീട് നഷ്ടപ്പെട്ടവരെ പുതുതായി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്കും ഇതര തീരദേശവാസികൾക്കും ഈ പദ്ധതിയുടെ ഗുണഫലങ്ങൾ കിട്ടുന്നു.

പദ്ധതി ആനുകൂല്യം കിട്ടി വീട് വച്ചു മാറുന്നവർ സ്വന്തം നിലയ്ക്ക് പഴയ വീട് പൊളിച്ചു മാറ്റണം. ഒഴിഞ്ഞു മാറുന്ന ഭൂമിയുടെ അവകാശം ഉടമയ്ക്ക് തന്നെ നിലനിൽക്കും. ഇവിടെ വൃക്ഷങ്ങൾ അല്ലാതുള്ള കൃഷി ഉടമസ്തനു ചെയ്യാവുന്നതാണ്. മത്സ്യത്തൊഴിലാളികൾക്ക് അവരുടെ മത്സ്യബന്ധന ഉപകരണങ്ങൾ ഇവിടെ സൂക്ഷിക്കാവുന്നതാണ്.

# വിദ്യാർഥികളുടെ സുരക്ഷിത യാത്ര: റോഡിൽ ജാഗ്രത വേണം, മോട്ടോർ വാഹന വകുപ്പിൻെറ നിർദേശം

തൊടുപുഴ: പുതിയ അധ്യയന വർഷം ആരംഭിച്ചതോടെ വാഹനത്തിരക്ക് കൂടിയ സാഹചര്യത്തിൽ റോഡിൽ അതീവ ജാഗ്രത വേണമെന്ന് മോട്ടോർ വാഹന വകുപ്പ്. ചെറിയ കുട്ടികൾ ഉൾപ്പെടെയുള്ള വിദ്യാർഥികൾ വാഹനങ്ങളിലും കാൽനടയായും സ്കൂളിലേക്ക് സഞ്ചരിക്കുന്പോൾ ചെറിയ അശ്രദ്ധപോലും വലിയ അപകടങ്ങൾക്കിടയാക്കുമെന്നും വാഹനമോടിക്കുന്നവർ കൂടുതൽ ജാഗ്രത പുലർത്തണമെന്നും മോട്ടോർ വാഹന വകുപ്പ് അധികൃതർ നിർദേശിക്കുന്നു.

സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി വിദ്യാർഥികളുടെ സുരക്ഷിതയാത്ര ഉറപ്പാക്കാൻ ജില്ലയിലെ എല്ലാ സ്കൂൾ വാഹനങ്ങളുടെയും പരിശോധന പൂർത്തിയാക്കിയിരുന്നു. ഇതോടൊപ്പം എല്ലാ ദിവസങ്ങളിലും സ്കൂൾ പരിസരങ്ങളിലും പ്രധാന റോഡുകളിലുമടക്കം വാഹന പരിശോധന നടത്തി വരുന്നുണ്ട്.

സ്കൂൾ മേഖലയിൽ പരമാവധി മണിക്കൂറിൽ 30 കിലോമീറ്ററും മറ്റ് റോഡുകളിൽ 50 കിലോമീറ്ററുമായി വേഗത നിജപ്പെടുത്തിയിട്ടുണ്ട്. ഇത് ലംഘിക്കുന്നുണ്ടോ എന്നതുൾപ്പെടെയുള്ള പരിശോധനകൾ നടന്നു വരുന്നുണ്ടെന്നും സ്കൂൾ വാഹനങ്ങളും മറ്റു വാഹന ഡ്രൈവർമാരും റോഡിൽ പാലിക്കേണ്ട മാർഗ നിർദേശങ്ങൾ കർശനമായി പാലിക്കണമെന്നും വകുപ്പ് നിർദേശം നൽകുന്നു.

സ്കൂൾ വാഹനങ്ങൾക്കായും പ്രത്യേക മാർഗ നിർദേശങ്ങൾ മോട്ടോർ വാഹന വകുപ്പ് നൽകുന്നുണ്ട്. കയറുന്നതിനും ഇറങ്ങുന്നതിനും സാധനങ്ങൾ എടുത്തു നൽകാനും വാഹനത്തിൻറെ പുറകിലൂടെ റോഡ് കുറുകെ കടക്കാനും ചെറിയ കുട്ടികളെ ആയമാർ സഹായിക്കണം.

സ്കൂൾ വാഹനങ്ങൾ ഓടിക്കുന്നവർ വെള്ള ഷർട്ടും കറുത്ത പാൻറും തിരിച്ചറിയൽ കാർഡും ധരിക്കണം. മറ്റ് വാഹനങ്ങളിൽ ഡ്രൈവർ കാക്കിനിറത്തിലെ യൂണിഫോം ധരിക്കണം. പ്രഥമശുശ്രൂഷാ കിറ്റ് എല്ലാ സ്കൂൾ വാഹനത്തിലുമുണ്ടെന്ന് സ്കൂൾ അധികാരികൾ പരിശോധിച്ച് ഉറപ്പുവരുത്തണം.

സ്കൂൾ വാഹനങ്ങളുടെ ഡ്രൈവർമാരുടെ രീതികൾ കുട്ടികളെ സ്വാധീനിക്കാനിടയുള്ളതിനാൽ മാതൃകാപരമായി വേണം വാഹനം ഓടിക്കേണ്ടത്. ദുശീലങ്ങളുള്ളവരെ ഡ്യൂട്ടിക്കായി നിയോഗിക്കരുത്. ഇവർ മദ്യപിച്ചോ അമിതവേഗത്തിലോ വാഹനമോടിച്ച് ശിക്ഷിക്കപ്പെട്ടവരായിരിക്കരുത്.

വാതിലുകളുടെ എണ്ണത്തിനു തുല്യമായ ആയമാർ എല്ലാ സ്കൂൾ ബസിലും വേണം. വാതിലുകൾക്ക് പൂട്ടുകളും ജനലുകൾക്ക് ഷട്ടറുകളും വേണം. ജനലുകളിൽ താഴെ നീളത്തിൽ കന്പികൾ ഘടിപ്പിച്ചിരിക്കണം. സ്കൂളിൻറെ പേരും ഫോൺ നന്പറും വാഹനത്തിൻറെ ഇരുവശങ്ങളിലും പ്രദർശിപ്പിക്കണം.

പിറകിൽ ചൈൽഡ് ലൈൻ (1098), പോലീസ്, ആംബുലൻസ്, ഫയർഫോഴ്സ്, മോട്ടോർവാഹനവകുപ്പ് ഓഫീസ്, സ്കൂൾ പ്രിൻസിപ്പൽ എന്നിവരുടെ നന്പരുകളും വേണം. സീറ്റിംഗ് ശേഷിക്കനുസരിച്ചു മാത്രമേ വാഹനത്തിൽ കുട്ടികളെ യാത്രചെയ്യാൻ അനുവദിക്കാവൂ.

കുട്ടികൾ സുരക്ഷിതമായി ഇറങ്ങുകയും കയറുകയും ചെയ്തുവെന്നും ഡോർ അടച്ചുവെന്നും ഉറപ്പാക്കിയ ശേഷമേ വാഹനം മുൻപോട്ട് പോകാവൂ.

നടന്നു പോകുന്ന കുട്ടികൾക്കും കരുതൽ

സ്കൂളിലേക്ക് നടന്നു പോകുന്ന കുട്ടികളുടെ സുരക്ഷയും വാഹനം ഉപയോഗിക്കുന്നവർ ശ്രദ്ധിക്കണം. നടന്നു പോകുന്ന കുട്ടികളെ റോഡ് നിയമങ്ങളിൽ ബോധവത്കരണം നൽകണം. കുട്ടികൾ റോഡിൻറെ വലതു വശം ചേർന്ന് തന്നെയാണ് നടക്കുന്നത് എന്ന് ഉറപ്പ് വരുത്തുക. റോഡിൽ കൂട്ടം കൂടി നടക്കുന്നതും കളിക്കുന്നതും അപകടകരമാണ് എന്ന് ബോധ്യപ്പെടുത്തുക.

റോഡിൽ നിരന്ന് നടക്കാതെ വരി വരിയായി നടക്കുക. കുട്ടികളെ കൈ പിടിച്ച് നടത്തുന്പോൾ അവരെ വലത്തേ അറ്റം നടത്തുക. കൊച്ചു കുട്ടികളാണെങ്കിൽ പെരുവിരൽ കുട്ടിക്ക് പിടിക്കാൻ കൊടുക്കുകയും മറ്റ് വിരലുകൾ കൊണ്ട് നാം കുട്ടിയുടെ കൈ ചേർത്ത് പിടിക്കുകയും ചെയ്യുക.

അപരിചിതരുടെ വാഹനങ്ങളിൽ ഒരിക്കലും ലിഫ്റ്റ് ആവശ്യപ്പെടുകയില്ലെന്നും അപരിചിതർ ലിഫ്റ്റ് വാഗ്ദാനം ചെയ്താൽ നിരസിക്കണമെന്നും ബോധ്യപ്പെടുത്തുക.

സ്കൂൾ വാഹനത്തിൻറെ വിവരങ്ങൾ വീട്ടിലിരുന്നു തന്നെ അറിയുന്നതിന് വിദ്യാ വാഹൻ എന്ന ആപ് സജ്ജമാക്കിയിട്ടുണ്ട്. പ്ലേ സ്റ്റോറിൽ നിന്നും വിദ്യാ വാഹൻ ആപ് സൗജന്യമായി ഡൗൺ ലോഡ് ചെയ്യാം.

മൊബൈൽ നന്പർ ഉപയോഗിച്ച് വിദ്യാ വാഹൻ ആപ്പിൽ ലോഗിൻ ചെയ്യാം. മൊബൈൽ നന്പർ വിദ്യാ വാഹൻ ആപ്പിൽ രജിസ്റ്റർ ചെയ്യേണ്ടത് വിദ്യാലയ അധികൃതർ ആണ്.

ആപ്പിൽ പ്രവേശിച്ചാൽ രക്ഷിതാവിൻറെ മൊബൈൽ നന്പരിൽ രജിസ്റ്റർ ചെയ്യപ്പെട്ട വാഹനങ്ങളുടെ ലിസ്റ്റ് കാണാം. ലൊക്കേറ്റ് ചെയ്യേണ്ട വാഹനത്തിൻറെ നേരേയുള്ള ബട്ടൺ അമർത്തിയാൽ രക്ഷിതാവിന് തൻറെ കുട്ടി സഞ്ചരിക്കുന്ന വാഹനം ഒരു മാപ്പിലൂടെ ട്രാക്ക് ചെയ്യാം.

വാഹനം ഓടുകയാണോ എന്നും, വാഹനത്തിൻറെ ലൊക്കേഷൻ, എത്തിച്ചേരുന്ന സമയം എന്നിവ എംവിഡി, സ്കൂൾ അധികൃതർ എന്നിവർക്കു പുറമേ രക്ഷിതാവിനും കാണാം. ആപ്പിലൂടെ തന്നെ വാഹനത്തിനുള്ളിലെ ഡ്രൈവർ, സഹായി, സ്കൂൾ അധികാരി എന്നിവരെ ഫോൺ മുഖാന്തരം വിളിക്കാം.

# നെഹ്റു ട്രോഫി വള്ളംകളിക്ക് 2.45 കോടി രൂപയുടെ ബജറ്റ്

ആലപ്പുഴ: ഓഗസ്റ്റ് 10ന് പുന്നമടക്കായലിൽ നടക്കുന്ന 70മത് നെഹ്റു ട്രോഫി വള്ളംകളി കാണാൻ ഇത്തവണ പ്രത്യേക ലക്ഷ്വറി ബോക്സും ഇരിപ്പിടങ്ങൾ ഉറപ്പാക്കുന്നതിനുള്ള നടപടികളും എടുക്കാൻ കളക്ടറേറ്റിൽ ചേർന്ന നെഹ്റുട്രോഫി ജനറൽ ബോഡി യോഗം തീരുമാനിച്ചു. പി. പി. ചിത്തരഞ്ജൻ എംഎൽഎയുടെ സാന്നിധ്യത്തിലാണ് യോഗം ചേർന്നത്. സൊസൈറ്റി ചെയർമാൻ കൂടിയായ ജില്ലാ കളക്ടർ അലക്സ് വർഗീസ് അധ്യക്ഷത വഹിച്ചു. നഗരസഭാധ്യക്ഷ കെ. കെ. ജയമ്മ, എൻടിബിആർ സൊസൈറ്റി സെക്രട്ടറി കൂടിയായ സബ് കളക്ടർ സമീർ കിഷൻ, ഇൻഫ്രാസ്ട്രക്ചർ സബ് കമ്മിറ്റി കൺവീനർ എം. സി. സജീവ് കുമാർ, മുൻ എംഎൽഎമാരായ സി. കെ. സദാശിവൻ, കെ. കെ. ഷാജു, എ. എ. ഷുക്കൂർ, പബ്ലിസിറ്റി സബ് കമ്മിറ്റി കൺവീനർ കെ. എസ്. സുമേഷ് തുടങ്ങിയവർ പ്രസംഗിച്ചു.

ക്ലബ്ബുകൾക്കുള്ള ബോണസ്, വള്ളം ഉടമകൾക്കുള്ള മെയിൻറനൻസ് ഗ്രാൻറ് എന്നിവ 10 ശതമാനം വർധിപ്പിച്ചു. കഴിഞ്ഞ വർഷവും 10 ശതമാനം വർധിപ്പിച്ചിരുന്നു.

2024ലെ നെഹ്റു ട്രോഫി വള്ളംകളിയുടെ ബജറ്റ് യോഗം അംഗീകരിച്ചു. 2,45,82,000 രൂപ ചെലവ് പ്രതീക്ഷിക്കുന്നതാണ് ബജറ്റ്. വള്ളംകളിയുടെ വിവിധ സബ് കമ്മിറ്റികൾ രൂപീകരിച്ചു. ഇൻഫ്രാസ്ട്രക്ചർ കമ്മിറ്റി 50 ലക്ഷം രൂപ, പബ്ലിസിറ്റി കമ്മിറ്റി 6.82 ലക്ഷം രൂപ, ഫുഡ് ആൻഡ് അക്കൊമഡേഷൻ നാലു ലക്ഷം, കൾച്ചറൽ കമ്മിറ്റി ഏഴു ലക്ഷം (കൂടുതൽ തുക ആവശ്യമെങ്കിൽ വർദ്ധിപ്പിക്കും), ബോണസ് 85 ലക്ഷം, മെയിൻറനൻസ് ഗ്രാൻറ് 18 ലക്ഷം, സോഷ്യൽ മീഡിയ ഏഴു ലക്ഷം, യൂണിഫോം ആറു ലക്ഷം, കാഷ് പ്രൈസ് ആൻഡ് മെമെൻറോ ഏഴു ലക്ഷം തുടങ്ങി വിവിധ ചെലവുകൾ ഉൾപ്പെടുത്തിയാണ് 2.45 കോടി രൂപയുടെ ബജറ്റ്. 80 ലക്ഷം രൂപ ടിക്കറ്റ് വരുമാനവും സംസ്ഥാന ടൂറിസം വിഹിതമായ ഒരു കോടി രൂപയും സ്പോൺസർഷിപ്പിലൂടെ സമാഹരിക്കുന്ന 60 ലക്ഷം രൂപയും ഉൾപ്പെടെ പ്രതീക്ഷിത ചെലവിനു തുല്യമായ തുകയുടെ വരവും പ്രതീക്ഷിക്കുന്നതാണ് ബജറ്റ്. ബോണസ് വർധിപ്പിക്കുന്നതിനാവശ്യമായ തുക അധികമായി കണ്ടെത്തുമെന്ന് പി. പി. ചിത്തരഞ്ജൻ എംഎൽഎ യോഗത്തിൽഅറിയിച്ചു.

എൻടിബിആർ സൊസൈറ്റിയുടെ ടിക്കറ്റ് വരുമാനം വർധിപ്പിക്കുന്നതിന് ഉയർന്ന നിരക്ക് വാങ്ങിയുള്ള ലക്ഷ്വറി ബോക്സ് ഇത്തവണ തയാറാക്കാൻ എൻടിബിആർ. സൊസൈറ്റി യോഗം തീരുമാനിച്ചു. മികച്ച സൗകര്യങ്ങളോടെ ഇരുന്ന് കളി കാണുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കും. ഒരാൾക്ക് 10,000 രൂപയും കുടുംബങ്ങൾക്ക് (മൂന്നു പേർക്ക്) 25,000 രൂപയുമാണ് നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. ടൂറിസ്റ്റ് ഗോൾഡ് നെഹ്റു പവലിയൻ3000, ടൂറിസ്റ്റ് സിൽവർ നെഹ്റു പവലിയൻ2500, റോസ് കോർണർ1500, വിക്ടറി ലെയിൻ വുഡൻ ഗാലറി500, ആൾ വ്യൂ വുഡൻ ഗാലറി300, ലേക്ക് വ്യൂ ഗോൾഡ് വുഡൻ ഗാലറി200, ലോൺ100 എന്നിങ്ങനെയാണ് നിരക്ക്. റോസ് കോർണറിൽ മാത്രം ടിക്കറ്റ് നിരക്ക് ആയരത്തിൽ നിന്ന് 1500 രൂപയാക്കാനും തീരുമാനിച്ചു.

# ഇന്ത്യയിൽ നെഹ്റു കാട്ടിയ ജനാധിപത്യം പൂർണമായും ഇല്ലാതായിരിക്കുന്നു: മന്ത്രി

കൊല്ലം: ജവഹർലാൽ നെഹ്റു ഇന്ത്യയ്ക്ക് സംഭാവന ചെയ്ത മതേതരത്വ, ജനാധിപത്യ, സോഷ്യലിസ്റ്റ് ഭരണ സമ്പ്രദായം ഇന്ത്യയിൽ കുഴിച്ച് മൂടപ്പെട്ടുകൊണ്ടിരിക്കുകയാണെന്ന് മന്ത്രി അഡ്വ. ജി ആർ. അനിൽ പറഞ്ഞു.

നെഹ്റു ഫീസ് ഫൗണ്ടേഷൻറെ ആഭിമുഖ്യത്തിൽ 'നെഹ്റു ഭാരതത്തിനെ തൊട്ടറിഞ്ഞ കർമ ധീരൻ' എന്ന സെമിനാർ ഉദ്ഘാടനവും ജവഹർലാൽ നെഹ്റുവിൻറെ അറുപതാമത് ചരമവാർഷിക വാരാചരണ പരിപാടികളുടെ സമാപനവും നിർവഹിച്ചു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

മഹാത്മാഗാന്ധിയെ പോലും അവഹേളിക്കുന്ന തരത്തിൽ പെരുമാറുന്ന ഒരു പ്രധാനമന്ത്രി.

നാളെ താൻ വിവേകാനന്ദപ്പാറ സന്ദർശിച്ചത് കൊണ്ടാണ് സ്വാമി വിവേകാനന്ദൻ ലോകം മുഴുവൻ അറിയപ്പെടുന്നതെന്ന് പറയുമെന്നും മന്ത്രി കളിയാക്കി.

നെഹ്റുവിൻറെ ജനാധിപത്യ കാഴ്ചപ്പാടുകൾ വീണ്ടെടുക്കുവാൻ മുഴുവൻ ജനവിഭാഗങ്ങളും ഒന്നിച്ച് അണിനിരക്കണമെന്ന് മന്ത്രി ആഹ്വാനം ചെയ്തു.

രാജ്യ സ്വാതന്ത്ര്യവും വ്യക്തി സ്വാതന്ത്ര്യവും ജനാധിപത്യത്തിൻറെ അഭിവാജ്യ ഘടകങ്ങൾ ആണെന്നും ഇപ്പോഴത്തെ പ്രധാനമന്ത്രിയുടെ കീഴിൽ ഇതെല്ലാം തമസ്കരിക്കപ്പെട്ടിരിക്കുകയാണെന്നും ഇത് ഏകാധിപത്യ പ്രവണതയുടെ മൂലക്കല്ല് ആണെന്നും ഇതിനെതിരെ ജനാധിപത്യ സമൂഹം ഒന്നിക്കണമെന്നും അനിൽ ചൂണ്ടിക്കാട്ടി. ഇതിനെതിരെയുള്ള ജനങ്ങളുടെ ശക്തമായ താക്കീത് ആയിരുന്നു പാർലമെൻറ് തെരഞ്ഞെടുപ്പ് ഫലമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ചെയർമാൻ എസ്.പ്രദീപ്കുമാറിൻറെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ എം. എം.ഹസൻ, എം. വിജയകുമാർ, ഡോ. ജയദേവൻ നായർ, ഡോ. മണി എസ്.അഴീക്കോട്, സുബൈർ വള്ളക്കടവ്, ഡോ. ഗിരിജ, ഡോ. എം.സി . സിറിയക്, എച്ച്.രഞ്ജിത്ത് കുമാർ എന്നിവർ പ്രസംഗിച്ചു.

# പുതിയ മദ്യനയം ; ബാറുടമകളുമായി മന്ത്രി എം.ബി.രാജേഷ് ചർച്ച നടത്തും

തിരുവനന്തപുരം: സംസ്ഥാന സർക്കാരിൻറെ പുതിയ മദ്യനയത്തെ സംബന്ധിച്ച് മന്ത്രി എം.ബി.രാജേഷിൻറെ നേതൃത്വത്തിൽ കള്ളുഷാപ്പ് ലൈസൻസികളുമായും ട്രേഡ് യൂണിയൻ ഭാരവാഹികളുമായും ചർച്ച നടത്തി.

ബുധനാഴ്ച സംസ്ഥാനത്തെ ബാറുടമകളുമായും ഡിസ്‌ലറി ഉടമകളുമായും മന്ത്രി ചർച്ച നടത്തുമെന്ന് സൂചനകളുണ്ട്. അതിനിടെ ബാർ കോഴ വിവാദത്തിൽ മന്ത്രിമാരുടെ രാജി ആവശ്യപ്പെട്ട് നിലപാട് കടുപ്പിച്ചിരിക്കുകയാണ് പ്രതിപക്ഷം.

ബാർകോഴ വിവാദത്തിലെ ഗൂഢാലോചന അന്വേഷിക്കണമെന്ന് മന്ത്രി എം.ബി.രാജേഷിൻറെ പരാതിയിൽ ക്രൈം ബ്രാഞ്ച് തിരുവഞ്ചൂർ രാധാകൃഷ്ണൻറെ മകൻ അർജുൻ രാധാകൃഷ്ണന് നോട്ടീസ് അയച്ചു.

വിവാദ ശബ്ദ സന്ദേശം പുറത്തുവന്ന വാട്സ്ആപ്പ് ഗ്രൂപ്പിൽ അർജുൻ രാധാകൃഷ്ണൻ ഉണ്ടെന്ന് കണ്ടെത്തിയതിന് പിന്നാലെയാണ് നോട്ടീസ് അയച്ചത്.

## അന്താരാഷ്ട്ര ആർക്കൈവ്സ് ദിനാഘോഷം 12ന്

സംസ്ഥാന ആർക്കൈവ്സ് വകുപ്പിന്റെ നേതൃത്വത്തിൽ അന്താരാഷ്ട്ര ആർക്കൈവ്സ് ദിനാഘോഷവും 'കാലവർഷകെടുതിയും രേഖാസംരക്ഷണവും' എന്ന വിഷയത്തിൽ ശില്പശാലയും സംഘടിപ്പിക്കുന്നു. ജൂൺ 12നു രാവിലെ 11.30ന് ആർക്കൈവ്സ് ഡയറക്ടറേറ്റിൽ നടക്കുന്ന ചടങ്ങിൽ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്യും. വി. കെ. പ്രശാന്ത് എംഎൽഎ അധ്യക്ഷത വഹിക്കും.



മലിനീകരണ നിയന്ത്രണ ബോർഡ് സംഘടിപ്പിച്ച പരിസ്ഥിതി ദിനാഘോഷം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു.

# ബിപിസിഎൽ പൊതുമേഖലാ കമ്പനിയായി തുടരുമെന്ന് കേന്ദ്ര പെട്രോളിയം മന്ത്രി

ന്യൂഡൽഹി: ഭാരത് പെട്രോളിയം കോർപ്പറേഷൻറെ (ബിപിസിഎൽ) ഓഹരികൾ വിൽക്കുന്നില്ലെന്നും ബിപിസിഎൽ പൊതുമേഖലാ കമ്പനിയായി തുടരുമെന്നും കേന്ദ്ര പെട്രോളിയം മന്ത്രി ഹർദീപ് സിംഗ് പുരി.

ഇന്ത്യൻ ഓയിൽ കോർപറേഷൻ, എച്ച്പിസിഎൽ എന്നിവയിലെയും സർക്കാർ ഓഹരികൾ വിറ്റഴിക്കാൻ ആലോചിക്കുന്നില്ലെന്നും അദ്ദേഹം വ്യക്തമാക്കി. ബിപിസിഎല്ലിൽ കേന്ദ്രത് 52.98% ഓഹരി പങ്കാളിത്തമാണുള്ളത്. ഇത് പൂർണമായി വിറ്റഴിച്ച് കമ്പനിയെ സ്വകാര്യവൽക്കരിക്കാൻ 2019 ൽ സർക്കാർ തീരുമാനിച്ചിരുന്നു.

എന്നാൽ ഓഹരി വാങ്ങാൻ രംഗത്തെത്തിയ കമ്പനികൾ പിന്നീട് പിന്മാറിയതിനെ തുടർന്ന് ഓഹരി വിൽക്കാനുള്ള നീക്കം ഉപേക്ഷിക്കുന്നതായി കേന്ദ്രസർക്കാർ 2022ൽ വ്യക്തമാക്കിയിരുന്നു. പെട്രോളിൽ 20 ശതമാനം എഥനോൾ കലർത്തുകയെന്ന ലക്ഷ്യം 2025 ഓടെ തന്നെ നേടുമെന്നും മന്ത്രി പറഞ്ഞു. സുരേഷ് ഗോപി ഈ മന്ത്രാലയത്തിലെ സഹമന്ത്രിയാണ്.

## പോളിടെക്നിക് ഡിപ്ലോമ ലാറ്ററൽ എൻട്രി: പ്രൊവിഷനൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

202425 അദ്ധ്യയന വർഷത്തെ പോളിടെക്നിക് ഡിപ്ലോമ രണ്ടാം വർഷത്തിലേയ്ക്കുള്ള ലാറ്ററൽ എൻട്രി പ്രവേശനത്തിന്റെ പ്രൊവിഷനൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു.

അപേക്ഷകർക്ക് www.polyadmission.org/let എന്ന വെബ് സൈറ്റിൽ റാങ്ക് ലിസ്റ്റ് പരിശോധിക്കാവുന്നതും അപേക്ഷയിൽ എന്തെങ്കിലും തെറ്റുകൾ ഉണ്ടെങ്കിൽ CANDIDATE LOGIN ലിങ്ക് വഴി തിരുത്താവുന്നതുമാണ്.

കൂടാതെ ഓപ്ഷനുകൾ പുനക്രമീകരിക്കുന്നതിനും മാറ്റുന്നതിനും സാധിക്കുന്നതാണ്.

ഓപ്ഷനുകളിൽ മാറ്റം വരുത്തുന്നതിനും, തിരുത്തലുകൾ നടത്തുന്നതിനും ജൂൺ 14 വരെ സമയമുണ്ടായിരിക്കുന്നതാണ്.

# സിക്കിമിൽ പ്രേം സിംഗ് തമാംഗ് സർക്കാർ അധികാരമേറ്റു

ഗ്യാംഗ്ടോക്: എസ്കെഎം അധ്യക്ഷൻ പ്രേം സിംഗ് തമാംഗ് വീണ്ടും സിക്കിം മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തു. ഗവർണർ ലക്ഷ്മൺ പ്രസാദ് ആചാര്യ പ്രേം സിംഗ് തമാംഗിനും മറ്റ് മന്ത്രിമാർക്കും സത്യവാചകം ചൊല്ലിക്കൊടുത്തു. പൽജോർ സ്റ്റേഡിയത്തിലാണ് സത്യപ്രതിജ്ഞ നടന്നത്.

തുടർച്ചയായ രണ്ടാം തവണയാണ് പ്രേം സിംഗ് തമാംഗ് സിക്കിം മുഖ്യമന്ത്രിയാകുന്നത്. ഏപ്രിലിൽ നടന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ വൻ വിജയമാണ് എസ്കെഎം നേടിയത്. ആകെയുള്ള 32 സീറ്റുകളിൽ 31 സീറ്റുകളിലും എസ്കെഎം ആണ് വിജയിച്ചത്.

തെരഞ്ഞെടുപ്പ് സമയത്ത് നൽകിയ വാഗ്ദാനങ്ങളെല്ലാം അഞ്ച് വർഷം കൊണ്ട് നടപ്പാക്കുമെന്നാണ് അധികാരമേറ്റ ശേഷം മുഖ്യമന്ത്രി പറഞ്ഞത്. സിക്കിമിൻറെ ചരിത്രത്തിലെ ഏറ്റവും സമാധാനപരമായ തെരഞ്ഞെടുപ്പായിരുന്നു ഇത്തവണത്തേതെന്നും അദ്ദേഹം പ്രതികരിച്ചു.